(2) Notwithstanding anything contained in this Act a small holder shall be entitled to resume as much land as required to give him a net income of Rs. 1200 per annum from his tenant or tenants:

Provided that the small holder shall be liable to pay value for the improvements, if any, effected by the tenant or intermediary in the lands surrendered to him."

അഞ്ചേക്കർ എന്നു പറഞ്ഞാൽ ബുദ്ധിമുട്ടണ്ടാകും. അഞ്ചേക്കർ എല്ലാവർക്കും ഉണ്ടാകുകയില്ല. 1200 രൂപാ എന്നു പറയുമ്പോൾ മാസം 100 രൂപയേ വരുന്നുള്ളൂ. അങ്ങനെ 100 രൂപാ ആദായം കിട്ടുന്നവരെയാണ് സ്മാൾ ഹോൾഡേഴ്സായി എന്റെ ഭേദഗതികൊണ്ടുദ്ദേശിച്ചിട്ടുള്ളത്. അതു വളരെ ന്യായമാണ്. അതുയും ആദായം കിട്ടുന്നതു വരെയുള്ള ഭൂമി ഒഴിപ്പിക്കാൻ അനുവദിക്കണം. അതു ശരിയല്ലെങ്കിൽ രണ്ടാമത്തെ അമെൻഡ്മെന്റ് 15 (3)—ലെ ബി-യും, സി-യും എടുത്തുകളയുക എന്നൊന്നു കൊണ്ടുവന്നിട്ടുണ്ട്. അതുവേണ്ടെന്നുവച്ചിട്ട് ലാൻഡ് ലാർഡിനു പകുതിവരെ ഒഴിപ്പിക്കാനുള്ള സ്വാതന്ത്ര്യം കൊടുക്കണമെന്നാണ് ഉദ്ദേശിക്കുന്നതു്. ഒന്നുകിൽ, 1200 രൂപ വരെ ആണ്ടിനാൽ ആദായംകിട്ടുന്ന ഭൂമി ഒഴിപ്പിക്കാൻ അനുവദിക്കണം, അല്ലെങ്കിൽ പകുതിവരെ ഒഴിപ്പിക്കാൻ അനുവദിക്കണമെന്നാണ് ഞാൻ പറയുന്നതു്.

ഒരേക്കറെങ്കിലും കൂടിയാന്റെ കൈവശം നിൽക്കണമെന്നുള്ള ചില ഭേദഗതികളും ഞങ്ങളുടെ ഭാഗത്തുനിന്നും വന്നിട്ടുണ്ട്. പകുതിയാണെങ്കിലേ ന്യായമായിരിക്കയുള്ളൂ എന്നാണ് എന്റെ അഭിപ്രായം. രണ്ടേക്കർ വയ്ക്കണമെന്നു് എന്റെ നേതാവു് ഒരു ഭേദഗതി കൊണ്ടുവന്നിട്ടുണ്ട്. രണ്ടേക്കർ വയ്ക്കുകയാണെങ്കിൽ പിന്നെ ഒഴിപ്പിക്കാൻ വല്ലതും കാണുമോ എന്നു് എനിക്കറിഞ്ഞുകൂടാ. എന്താണ് അദ്ദേഹം ഇങ്ങനെയൊരു ഭേദഗതി കൊണ്ടുവന്നതെന്നു ചോദിച്ചുമനസ്സിലാക്കാൻ എനിക്കു കഴിഞ്ഞില്ല. സാധു കുടിയാനെ സഹായിക്കാനാണെങ്കിൽ ഇതുവരെ അവരെ സഹായിച്ചുകൊണ്ടിരുന്നതു് നമ്മളാരും അല്ല, ഭൂമിയുള്ളവരാണ്. അങ്ങനെ രണ്ടേക്കർ വച്ചാൽ ഒന്നും ഒഴിപ്പിക്കാനൊക്കുകയില്ല.

ശ്രീ. പി. ടി. ചാക്കോ: ഇവിടെ എത്രയായാലും ഒന്നുംപറഞ്ഞാൽ സമ്മതിക്കയില്ല. പിന്നെ രണ്ടെന്നു പറഞ്ഞാലെങ്കിലും ഒന്നു സ്വീകരിക്കുമോ എന്നു നോക്കുകയാണ്.

ശ്രീ. ആർ. രാഘവമേനോൻ: പാർട്ടി ഗവണ്മെന്റാകുമ്പോൾ അങ്ങനെയാണ്. അവർക്കാലോചിച്ചു് നീതി ചെയ്യും; നമുക്കു യാചിക്കാം.

ശ്രീ. ജോസഫ് ചാഴിക്കാടൻ: യാചനയോ?

ശ്രീ. ആർ. രാഘവമേനോൻ: അതു രാഷ്ട്രീയ യാചനയാണ്. മര്യാദയ്ക്കു അങ്ങനെചെയ്യോ അല്ലെങ്കിൽ അതിന്റെ ഫലം നിങ്ങൾ അനുഭവിക്കുമെന്നാണ് അതിലടങ്ങുന്ന അർത്ഥം. അതേ അവസരത്തിൽ യാചിക്കുക എന്നു പറയുന്നതു് മര്യാദയായി ചോദിക്കുന്നതാണ്. മഹാരാജാക്കന്മാർപോലും യാചിക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് ചാഴിക്കാടിന രാഷ്ട്രീയ സാഹിത്യത്തിൽ ഈയിടെ ഉണ്ടായിട്ടുള്ള അർത്ഥം മനസ്സിലാകാത്തതുകൊണ്ടാണ് അതു പറഞ്ഞത്. യാചിക്കുക എന്നു പറഞ്ഞാൽ, മര്യാദയ്ക്കു ചോദിക്കുക എന്നേ അർത്ഥമുള്ളൂ. പ്ലാനിംഗ് കമ്മീഷൻ പറഞ്ഞിട്ടുള്ളതെന്താണ്? "Up to a family holding consisting of three economic holdings." Though they have definitely given like that it is more than that.

അതൊഴിച്ച് എടുത്തുകൂടായ്മ എന്നാണു പറയുന്നത്. ഈ തത്വം എല്ലാ രാജ്യക്കാരും സമ്മതിച്ചിട്ടുള്ളതാണ്. ശ്രീ. തോമ്മൻ പല രാജ്യങ്ങളിലും കൃഷിക്കുമാത്രമെ കൊടുത്തിട്ടുള്ളൂ എന്നിവിടെ പറയുകയുണ്ടായി. പലയിടത്തും അങ്ങിനെ കൊടുത്തിട്ടുണ്ട്. എന്നാൽ ഇവിടെമാത്രം ആയിട്ടില്ല. ഇവിടേയും ഫിക്സിറ്റി ആഫ് ടെനവർ കൊടുത്തുനോക്കുക, എന്നിട്ട് വല്ല വ്യത്യാസവുമുണ്ടോ എന്നൊരു പരിശോധന നടത്തിക്കഴിഞ്ഞതിനുശേഷം ഈ വ്യവസ്ഥ കൊണ്ടുവന്നിരുന്നെങ്കിൽ, വളരെ നന്നായിരുന്നു. പ്ലാനിംഗ് കമ്മീഷന്റെ അഭിപ്രായത്തിൽ, ചെറിയ ഭൂവുടമയുള്ളിടത്തും ഭൂമി ഒഴിപ്പിച്ചെടുക്കാമെന്നും, കുടിയാനു തൻനിമിത്തം ഭൂമിയില്ലാതെവരുന്നപക്ഷം പകരംഭൂമി ഗവണ്മെന്റു കൊടുക്കേണ്ടതാണെന്നും പറയുമ്പോൾ അവർക്ക് ഈ സാധു കുടിയാന്മാരോടു സഹതാപമില്ലെന്നാണോ ധരിക്കേണ്ടതു?

ആ അഭിപ്രായത്തോടു എല്ലാവരും യോജിക്കുമെന്നാണെന്റെ വിശ്വാസം.

"By Consensus of opinion it is decided" that is the wording.

അപ്പോൾ പ്ലാനിംഗ് കമ്മീഷനും മറ്റും ഇങ്ങനെ പറഞ്ഞിരിക്കുമ്പോൾ അതിനെതിരായുള്ള ഒരു വ്യവസ്ഥ കൊണ്ടുവന്നിട്ടുള്ള പ്രയോജനമാണുള്ളതു? എങ്ങനെയെല്ലാം നോക്കിയാലും വസ്തു ഉടമസ്ഥനും കുടിയാനും തമ്മിൽ പകുതി പകുതി എന്ന കണക്കുവച്ചു ഭാഗിച്ചെടുക്കുന്നതല്ലെ നല്ലതു? പിന്നെവേണമെങ്കിൽ, ഒരേക്കർ എന്നതുകൂടി വയ്ക്കേണം. അങ്ങനെ ചെയ്താൽ, അതു് ഒരു വിധം മര്യാദയായിരിക്കും. ഭൂമി ധാരാളം ഉള്ളവരുടെ കൈയിൽനിന്നും, ഭൂമിയെടുക്കുന്നതിനു് ഒരു വിരോധവുമില്ല. അവരെ ഇത്തിരി നോവിച്ചാൽ കുടിയും തരക്കേടില്ല. ഈ ഉദ്ദേശത്തെ മുൻനിർത്തിയാണു്, എന്റെ രണ്ടാമത്തെ ഭേദഗതി ഞാൻ അവതരിപ്പിച്ചിട്ടുള്ളതു്.

കൂടാതെ, 568, 573, 581, 589 ഈ ഭേദഗതികളും ഞാനവതരിപ്പിച്ചിട്ടുണ്ടു്. 568-ാംനമ്പർ ഭേദഗതി അവതരിപ്പിച്ചിട്ടുള്ളതു്, പകുതി ഭൂമി കുടിയാനും പകുതിഭൂമി വസ്തു ഉടമസ്ഥനും കൊടുക്കാനും, കുടിയാനുള്ള ചമയങ്ങളും കുടിയാനും, വസ്തു ഉടമസ്ഥനുള്ള ചമയങ്ങളും വസ്തു ഉടമസ്ഥനും ലഭിക്കുന്നതിനുംവേണ്ടിയാണു്. ആ ഭേദഗതി ഇതാണു്:

"In clause 15, sub-clause (3) after the words 'under a small holder' delete 'may at his option' and substitute "shall at the option of the small holder."

മലബാറിലും കൊച്ചിയിലും കുടിയാന്മാർക്കാണു് ഈ റൈറ്റു കൊടുത്തിരിക്കുന്നതു്. അവിടെയും അതു സ്മാൾ ഹോൾഡർക്കു കൊടുക്കണമെന്നാണു ഞാൻ പറയുന്നതു്. അടുത്തതു് 573-ാംനമ്പർ ഭേദഗതിയാണു്.

'Delete (b) and (c) of clause 15 (3)'.

(b) elect to continue as tenant in respect of the entire holding; or

(c) elect to purchase the entire land comprised in the holding.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ആർ. രാഘവമേനോൻ]

ഇതുരണ്ടും ടെനൻറ്സിനെ ചെയ്യാം. ഈ റൈറ്റ് സ്മാൾഹോൾഡേഴ്സിനെ കൊടുക്കണം 'elect to purchase the entire land comprised in the holding.' ആ അധികാരം കൂടിയാനെ കൊടുക്കുന്നതു ശരിയല്ല.

Now, the varomdars also have been given fixity of tenure. But the small holder can get half his property only if the tenant agrees.

വാരംഭാർക്കു് ഇതു ബാധകമല്ലെന്നു പറയുന്നു. അവരെ, ഫിക്സിറ്റി ആക്ടു് ചെയ്തവർ കൊടുത്തു കൂടിയാന്മാരാക്കിയിട്ടുണ്ടു്. ഈ ഭേദഗതികളെല്ലാം കൂടി നോക്കുമ്പോൾ വാരംഭാർക്കും ഫിക്സിറ്റി കൊടുത്തിട്ടുണ്ടെന്നു കാണാം. ഏഴാംവകുപ്പിൽ വാരംഭാരെക്കൂടി കേറ്റി ഒഴിപ്പിക്കാമെന്നു പറഞ്ഞിട്ടുണ്ടു്. എന്നാൽ ഈ ക്ലാസ്സിന്റെ ഇപ്പോഴത്തെ നില അനുസരിച്ചു് അവർക്കു ഫിക്സിറ്റി കിട്ടുകയും ചെയ്യും. അതുകൊണ്ടു് വാരംഭാരെക്കൂടി സ്ഥിരം കുടിയാനായി ഗണിക്കണം. പക്ഷേ, സ്ഥിരാവകാശം വേണമെങ്കിൽ, കുടിയാന്റെ സമ്മതംകൂടി വേണം. തിരുവിതാംകൂറിലെപ്പോലെ വസ്തു ഉടമസ്ഥന്മാരുടെ സമ്മതം മാത്രം പോരാ. ഞാൻ പറയുന്നതു്, ചെറിയ ഭൂവുടമസ്ഥന്മാർക്കു പകുതി ഒഴിപ്പിക്കുവാനുള്ള അവകാശം കൊടുക്കണമെന്നാണു്. അതിനു സമ്മതമില്ലെങ്കിൽ കുടിയാനു് ഒരേക്കർ കൊടുക്കണം. കുടിയാൻ കഷ്ടപ്പെട്ടുകഴിയുകയാണെങ്കിൽ, ഗവണ്മെൻറിനു് അവരെ സഹായിക്കാം. ഉപജീവനം കഴിക്കാൻപോലും മാർഗ്ഗമില്ലാതെ വലയുന്ന ചെറിയ ഭൂവുടമസ്ഥന്മാർ കുടിയാന്മാർക്കു് വസ്തു കൊടുക്കണമെന്നു പറയുന്നതു വളരെ കഷ്ടമാണു്. ഞങ്ങളുടെ ലീഡർ അദ്ദേഹം കൊണ്ടുവന്ന ഭേദഗതിയെപ്പറ്റി ഒരു ഹിൻറു് തന്നു. രണ്ടേക്കർ എന്നു പറഞ്ഞാലെങ്കിലും, ഒരേക്കറായി സഭീകരിച്ചെങ്കിലൊ എന്നു വിചാരിച്ചാണു് ഭേദഗതികൊണ്ടുവന്നതു് എന്നു്. അതു കൊള്ളാം.

ഈ അവസരത്തിൽ എനിക്കൊരുകാര്യം വളരെ ഗൗരവമായി ഭരണകക്ഷിയെ അറിയിക്കുവാനുണ്ടു്. നിങ്ങളും ഇക്കാര്യത്തിൽ, യാതൊരലോഹ്യവും ശാഠ്യവുമില്ലാതെ സമചിത്തതയോടുകൂടി ഒരു തീരുമാനമെടുക്കേണ്ടതാണു്. ഒരു കക്ഷിയാണിപ്പോൾ ഈ രാജ്യം ഭരിക്കുന്നതു്. ഏതെങ്കിലും ഒരു കക്ഷി രാജ്യം ഭരിക്കുമ്പോൾ, പ്രധാന കാര്യങ്ങളിൽ കക്ഷിതാപം പാടില്ല. രാജ്യത്തിനു പൊതുവേ ഗൗരവതരങ്ങളായ ഫലങ്ങൾ ഉളവാക്കുന്ന കാര്യങ്ങളിൽ കക്ഷിതാൽപ്പര്യമല്ല നോക്കേണ്ടതു്. ഈ നിയമം കക്ഷിഭരണത്തിൽപ്പെട്ടതല്ല. ചെറിയ കാര്യങ്ങളൊ താൽക്കാലിക ഫലങ്ങൾ ഉളവാക്കുന്ന കാര്യങ്ങളൊ ആണെങ്കിൽ, അവിടെ കക്ഷിതാപം നോക്കാം. എന്നാൽ, ഭൂനയനിയമത്തെപ്പോലെയുള്ള ശാശ്വതമായി ഇവിടെ നിലനിൽക്കേണ്ട ഒരു നിയമം ഉണ്ടാക്കുമ്പോൾ കക്ഷിതാൽപ്പര്യത്തിനു സ്ഥാനമില്ല. നമുക്കിവിടെ ഭൂമി കുറ്റകരമായി ഉണ്ടാക്കാൻ സാധ്യമല്ല. നിലവിലുള്ള ഭൂമിയിൽ സ്ഥിരാവകാശമുള്ളവർക്കു് അവകാശമില്ലാതാക്കുന്നതും, സ്ഥിരാവകാശമില്ലാത്തവർക്കു് അവകാശം കൊടുക്കുന്നതുമായ ഒരു നിയമമാണിപ്പോൾ കൊണ്ടുവന്നിരിക്കുന്നതു് ഇതെല്ലാംകൂടി ആലോചിക്കുമ്പോൾ ഇന്നത്തെ ഭരണകക്ഷി ഇപ്പോൾ കാണിക്കുന്നതു് വളരെ തെറ്റാണു്. സാധാരണമായി ഇങ്ങനെയുള്ള കാര്യത്തിൽ ഒരു കക്ഷിഗവണ്മെൻറു് പ്രവർത്തിക്കുന്നതു്, ആവകകാര്യങ്ങളിൽ ബഹുജനങ്ങളുടെ പിന്തുണയുണ്ടോ, നാട്ടുകാർ അതിന്റെ പിന്നിലുണ്ടോ എന്നുനോക്കിയാണു്. ഈ നിയമം ഒരിക്കലും ഭരണകക്ഷിയുടെ മാത്രം താല്പര്യത്തിൽപ്പെട്ടതല്ല. ഇതു് രാജ്യത്തിന്റെ ആഭ്യന്തരകാര്യങ്ങളിൽ വരുന്നതാണു്. ഇതൊരു ശാശ്വതനിയമമാണു്. സർ, നാം ഈ ബില്ലിനെ സംബന്ധിച്ചു ധാരാളം തെളിവുകൾ എടുത്തിട്ടുണ്ടു്. ആ തെളിവുകളെപ്പറ്റി ഗവണ്മെൻറാലോചിച്ചിട്ടില്ല എന്നുള്ളതു് സ്പഷ്ടമാണു്. എത്ര മീറ്റിങ്ങിൽപ്പോയി, എത്രയോദിവസം അതിനുവേണ്ടി ചെലവുചെയ്തു, ചായകിട്ടാതേയും, കിട്ടിയും, മൂടകടിച്ചും ഞങ്ങൾ വളരെ ബുദ്ധിമുട്ടിയിട്ടാണു് ഈ തെളിവുകളെല്ലാം എടുത്തതു്. അതിലൊന്നും സഭീകരിച്ചിട്ടില്ല. തെളിവുകളെടുത്തപ്പോൾ എല്ലാവരും പറഞ്ഞിട്ടുണ്ടു്, പകുതി വസ്തു എങ്കിലും ഒഴിപ്പിക്കണമെന്നു്. നിങ്ങൾ യെയ്യുചെയ്തു ഒരുകാര്യം ചെയ്താൽക്കൊള്ളാം.

LIBRARY ARCHIVES Kerala Legislative Assembly

[Mr. Speaker in the Chair]

ഈ ബിനിയമം നാട്ടുകാർ സമ്മതിക്കുന്നുണ്ടോ എന്നു് ഗവണ്മെൻറു് ആരായേണ്ടതാണു്. അതിനു നിങ്ങളും രാജിവയ്ക്കുക. ഞങ്ങളും രാജിവയ്ക്കാം. എന്നിട്ടു് ഈ ഇഷ്യൂവിൽ ഒരു തെരഞ്ഞെടുപ്പു നടത്തി തീരുമാനിക്കുകയാണു വേണ്ടതു്.

ശ്രീ. കെ. കെ. വിശ്വനാഥൻ: മിസ്റ്റർ രാഘവമേനോൻ മാത്രം രാജിവച്ചാൽ മതി.

ശ്രീ. ആർ. രാഘവമേനോൻ: ഞാൻ ഇവിടെ പറയുന്നതു് എല്ലാവരും നന്നാകണമെന്നും എല്ലാവരോടും നന്നായിട്ടു ചെയ്യണമെന്നും ആണു്. അതുകൊണ്ടാണു് ഞാൻ പറയുന്നതു് നമ്മളെല്ലാവരും രാജിവച്ചു് ഈ കാര്യത്തിൽ ഒരു പൊതുതെരഞ്ഞെടുപ്പു നടത്തി ജനങ്ങളുടെ അഭിപ്രായം അറിയണമെന്നു്. പൊതുതെരഞ്ഞെടുപ്പിനുശേഷം നിങ്ങൾക്കു ഭൂരിപക്ഷം കിട്ടുകയാണെങ്കിൽ നിങ്ങൾ ഇപ്രകാരം ഒരു നിയമം പാസാക്കുന്നതിൽ വിരോധമില്ല. ചെറുതരം ഭൂ ഉടമസ്ഥന്മാരെ ബലികൊടുത്തു് അവരെ തെരുവുകളിലേക്കു് അയയ്ക്കുന്നതായിട്ടുള്ള ഒരു നിയമം പാസാക്കണമെങ്കിൽ അതിനു പൊതുജനങ്ങൾ സമ്മതിക്കുന്നുണ്ടോ എന്നു് തീർച്ചയായും അറിയേണ്ടതാണു് പൊതുജനങ്ങളുടെ അഭിപ്രായം എന്താണെന്നറിഞ്ഞതിനുശേഷമേ ഈ വിധത്തിൽ ഒരു നിയമം പാസാക്കുവാൻ പാടുള്ളൂ. അതുകൊണ്ടു് നിങ്ങളും രാജിവയ്ക്കുക. പാർലമെൻററി ഭരണത്തിൻെറ മൂലതത്വപ്രകാരം നിങ്ങളും രാജിവച്ചാൽ ഞങ്ങളും രാജിവയ്ക്കണമല്ലോ. ഞാൻ ഇതു് ഒരു ശണ്ഠയ്ക്കുവേണ്ടി പറയുന്നതല്ല. നമ്മളെല്ലാവരും രാജിവയ്ക്കുക.

Mr. Speaker: Please conclude.

ശ്രീ. ആർ. രാഘവമേനോൻ: നാട്ടുകാരുടെ അഭിപ്രായം അറിഞ്ഞു് പാസാക്കേണ്ട ഒരു നിയമമാണിതു്. ഈ രാജ്യത്തെ വളരെ അധികം ആളുകളെ സാരമായി സ്പർശിക്കുന്ന ഒരു നിയമമാണിതു്. ശാശ്വതമായി ആളുകളെ ബാധിക്കുന്ന ഒരു നിയമമാണിതു്. അതുകൊണ്ടു് നിങ്ങളും ഞങ്ങളും രാജിവച്ചു് ഒരു തെരഞ്ഞെടുപ്പു നടത്തി ജനങ്ങളുടെ അഭിപ്രായം എന്താണെന്നു അറിയണം. സാധു കർഷകർക്കു് പകുതിയെങ്കിലും ഒഴിപ്പിക്കുവാനുള്ള അവകാശം കൊടുക്കണം. 1200 രൂപായെങ്കിലും മുതലുള്ളവരായിരിക്കണം സാധു കർഷകർ. വലിയ ആളുകളെപ്പറ്റിയൊന്നും ഞാൻ പറയുന്നില്ല. അതുംകൊണ്ടുവന്ന ബില്ലിൽ ലാൻഡ് ടൈബ്യൂണൽ മദ്ധ്യസ്ഥം പറഞ്ഞു് രണ്ടുകൂട്ടരുടെയും സാമ്പത്തികസ്ഥിതി വച്ചുനോക്കി ഒഴിപ്പിക്കേണ്ടതു് എത്രയെന്നു്. തീരുമാനിക്കണമെന്നാണു പറഞ്ഞിരുന്നതു്. എന്നാൽ ഇപ്പോൾ ആ വ്യവസ്ഥകളെല്ലാം തകരാറിലായിരിക്കുകയാണു്. അതുകൊണ്ടു് ഇതിനെപ്പറ്റി അധികമൊന്നും പറയണമെന്നു് ഞാൻ വിചാരിക്കുന്നില്ല. നിങ്ങളും രാജിവച്ചു് ഈ കാര്യത്തിൽ ഒരു തെരഞ്ഞെടുപ്പു നടത്തണം. ഈ ബിനിയമത്തിൻെറ കാര്യം അടിസ്ഥാനപ്പെടുത്തി ഒരു തിരഞ്ഞെടുപ്പു നടത്തണം. എന്നിട്ടു് ഈ കാര്യത്തിൽ ഒരു തീരുമാനം ചെയ്യുകയാണു വേണ്ടതു്. അല്ലെങ്കിൽ പ്ലാനിംഗ് കമ്മീഷൻ പറഞ്ഞിട്ടുള്ളതുപോലെ ചെയ്യണം ഇവിടത്തെ ചെറുതരം ഭൂ ഉടമസ്ഥനും ഇൻഡ്യയിൽ മറെറ സംസ്ഥാനങ്ങളിലുള്ള ചെറുതരം ഭൂ ഉടമസ്ഥനും ഒരുപോലെയാണു്. അവിടെക്കുള്ള ചെറുതരം ഭൂ ഉടമസ്ഥനു് അയാളുടെ ഭൂമി ഒഴിപ്പിച്ചെടുക്കാമെന്നു് പ്ലാനിംഗ് കമ്മീഷൻ പറഞ്ഞിട്ടുണ്ടു്. ആ വ്യവസ്ഥ എന്തുകൊണ്ടു് ഇവിടെ സ്വീകരിക്കുവാൻ പാടില്ലായെന്നു് ഞാൻ ചോദിക്കുകയാണു്. അതുകൊണ്ടു് എൻെറ ഭേദഗതി അംഗീകരിക്കണം എന്നു് അഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ എൻെറ പ്രസംഗം മുഴുക്കുന്നു.

ശ്രീ. പി. എം. ജോസഫ്: സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. കെ. കെ. വിശ്വനാഥൻ ഇവിടെ അവതരിപ്പിച്ച ഭേദഗതിയെ അനുകൂലിച്ചുകൊണ്ടും, എൻെറ ഭേദഗതിയെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടും ചില സംഗതികൾ പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നീ പ്രദേശങ്ങൾ ഒന്നായി ചേർന്നു് ഒരു സംസ്ഥാനമായിത്തീർന്നെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. എം. ജോസഫ്]

നിയമനിർമ്മാണകാര്യത്തിൽ വ്യത്യസ്ഥ പ്രദേശമായിട്ടാണ് ഇപ്പോഴും പരിഗണിക്കപ്പെട്ടു വരുന്നത്. തിരുവിതാംകൂറിൽ ഒരു നിയമം, കൊച്ചിയിൽ ഒരു നിയമം, മലബാറിൽ ഒരു നിയമം. ഈ പ്രദേശങ്ങളും എല്ലാംകൂടി ഒരു സ്റ്റേറ്റായിത്തീർന്നിട്ടും നിയമങ്ങളും ഏകീകരിക്കുവാൻ ഗവണ്മെൻറ് നടപടികളും എടുത്തു കാണാഞ്ഞതു കഷ്ടാൽ കഷ്ടതരമാണ്. കാർഷികബന്ധബില്ലിലും ഈ വ്യത്യാസം ഗവണ്മെൻറ് പരിഗണിച്ചു കാണുന്നുണ്ട്. ചെറുതരം ഭൂഉടമസ്ഥന്മാരെ സംബന്ധിച്ചുള്ള 15-ാം ക്ലാസ്സിൽ തിരുവിതാംകൂറിലും, കൊച്ചിയിലും, മലബാറിലും വ്യത്യസ്ഥമായിട്ടുള്ള വ്യവസ്ഥകളാണ് കൊള്ളിച്ചിരിക്കുന്നതു്. ഈ നിയമങ്ങളെല്ലാം ഏകീകരിച്ചുകൊണ്ടുള്ള ഒരു നിയമം കൊണ്ടുവരാൻ സാധിക്കാത്തതു് കഷ്ടമാണ്. മിസ്റ്റർ വിശ്വനാഥൻറെ ഭേദഗതി സ്വീകരിക്കുകയാണെങ്കിൽ ഈ നിയമങ്ങളെല്ലാം ഏകീകരിക്കുന്നതിനു് എതാണ്ടു് ഉതകുന്നതാണ്. ചേത്തല, കുന്നത്തുനാടു്, ആലുവാ മുതലായ പ്രദേശങ്ങളും വ്യത്യസ്ത നിലയിൽ പരിഗണിച്ചിരിക്കുകയാണ്. മന്ത്രിയുടെ നാടിനു് ഒരു പ്രത്യേകത വേണമെന്നുള്ളതുകൊണ്ടായിരിക്കാം ഇങ്ങനെ ഒരു വ്യത്യസ്ത നിയമം വച്ചിരിക്കുന്നതു്. ഈ വ്യത്യാസം ഇല്ലാതാക്കുന്നതിനാണ് 15-ാം ക്ലാസ്സിലെ 5-ാം ഉപവകുപ്പിലെ പ്രൊവൈസോ എടുത്തു കളയണമെന്നു ഞാൻ ആവശ്യപ്പെട്ടിരിക്കുന്നതു്. തിരുവിതാംകൂറിനെ സംബന്ധിച്ചു് ഓരോ പ്രദേശത്തെയും വ്യത്യസ്ത നിലയിൽ കരുതുന്നതു് തെറ്റാണ്. തിരുവിതാംകൂറിലെ നിയമമെങ്കിലും ഏകീകരിക്കുന്നതിനുവേണ്ടിയാണ് ഈ പ്രൊവൈസോ എടുത്തുകളയണമെന്നു ഞാൻ ആവശ്യപ്പെടുന്നതു്. മിസ്റ്റർ വിശ്വനാഥൻ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഭേദഗതി സ്വീകാര്യയോഗ്യമാണ്. അതു സ്വീകരിച്ചാൽ നിയമത്തിനു് ഏകദേശം ഒരു ഏകീകരണം ലഭിക്കുന്നതാണ്.

എൻറെ മറ്റൊരു ഭേദഗതി 15-ാം വകുപ്പിൽ, 1-ാം ഉപവകുപ്പിലെ പ്രൊവൈസോ എടുത്തുകളയണം എന്നുള്ളതാണ്. 1957 ഏപ്രിൽ 11-നു് മുമ്പു് 5 ഏക്കർ ഇരുപ്പു നിലമോ തത്തുല്യമായ സ്ഥലമോ ഉള്ള ഒരാൾ പാർട്ടിഷൻ നടത്തുകയോ, കൈമാറാം ചെയ്യുകയോ ചെയ്താൽ അയാളെ സ്മാൾ ഹോൾഡറായിട്ടു കണക്കാക്കുന്നതല്ലെന്നു പറഞ്ഞിട്ടുണ്ട്. അതു് ഒരിക്കലും നീതിയായിട്ടുള്ളതല്ല. പലപ്പോഴും വസ്തുക്കൾ പാർട്ടീഷൻ നടത്തേണ്ടതായും കൈമാറാം ചെയ്യേണ്ടതായും വരും. കുടുംബത്തിലെ ഒരംഗം ഭാഗം വേണമെന്നു പറഞ്ഞാൽ അതു കൊടുക്കേണ്ടി വരും. ഭാഗം കൊടുത്തില്ലെങ്കിൽ കുടുംബകലഹം ഉണ്ടാകും. കടക്കാരൻ ചിലപ്പോൾ നിർബന്ധിക്കുകയാണെങ്കിൽ വസ്തു കൈമാറാം ചെയ്തു കടം തീർക്കേണ്ടി വരും. അതുകൊണ്ടു് 1957 ഏപ്രിൽ 11-നു ശേഷം കൈമാറ്റവും, പാർട്ടിഷനും നടത്തിയിട്ടുണ്ടെങ്കിൽ അതു് ഒരു തടസ്സമായി കണക്കാക്കാതെ അവരെ സ്മാൾ ഹോൾഡേഴ്സായി പരിഗണിക്കണം. ഈ പ്രൊവൈസോ ഇല്ലാതെയാണ് മി. വിശ്വനാഥൻ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഭേദഗതി. ഈ ഭേദഗതി സ്വീകരിച്ചാൽ ഏകീകൃതമായ ഒരു നിയമം ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഉണ്ടാകുമെന്നു് ദൃഢമായി വിശ്വസിക്കാം. അതുകൊണ്ടു് ഈ ഭേദഗതി ഗവണ്മെൻറ് സ്വീകരിച്ചു് ഒരു ഏകീകൃത നിയമം ഇവിടെ ഉണ്ടാക്കണം എന്ന അഭ്യർത്ഥനയോടുകൂടി ഞാൻ എൻറെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. ജോസഫ് ചാഴിക്കാട്ടു്: സർ, കാർഷികബന്ധബില്ലിൽ അടങ്ങിയുള്ള 86, 87 വകുപ്പുകളിൽ ഏറ്റവും പ്രധാനപ്പെട്ട രണ്ടു മൂന്നു വകുപ്പുകളിൽ ഒന്നാണ് ഈ 15-ാംവകുപ്പു്. ഈ 15-ാം വകുപ്പിനുതന്നെ 9-10 ഉപവകുപ്പുകളും ഉണ്ടു്. ആ ഉപവകുപ്പുകൾക്കു് 20-ൽ ചിലപ്പോൾ ഉപവകുപ്പുകളും. ഇതെല്ലാംകൂടി കൂട്ടിയാൽ ഒരു വലിയ നിയമത്തിൻറെ പ്രസക്തി ഈ ഉപവകുപ്പിനുതന്നെയുണ്ടു്. ഏകദേശം 30 ഉപവകുപ്പുകൾകൂടി ചേർത്തിട്ടാണ് ഈ ഒരു ക്ലാസ്സു് ഉണ്ടാക്കിരിക്കുന്നതു്. ഒരു വലിയ തീവണ്ടി എഞ്ചിൻറെ പിന്നാലെ അനേകം കമ്പാർട്ടുമെൻറുകൾ കൂട്ടി ഘടിപ്പിച്ചിരിക്കുന്നതുപോലെയാണ് ഈ വകുപ്പിൻറെ പിന്നാലെ അനേകം ഉപവകുപ്പുകൾ കൂട്ടിച്ചേർത്തി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

രിക്കുന്നതു". അതുപോലെ ലിസ്റ്റിലുള്ള ഭേദഗതികളിൽ 120-ൽ ചിലപ്പോൾ ഭേദഗതികളും ഈ ഒരു വകുപ്പിനു" ഈ സഭയിലെ ബഹുമാനപ്പെട്ട മെമ്പറന്മാർ ഹാജരാക്കിയിട്ടുണ്ടു". 80-ൽ ചിലപ്പോൾ ഭേദഗതികളും ഒന്നാമത്തെ ലിസ്റ്റിൽ ഉണ്ടു". രണ്ടാമത്തെ ലിസ്റ്റിൽ 40-ൽ ചിലപ്പോൾ ഭേദഗതികളും ഒട്ടാകെ 120-ഓളം ഭേദഗതികളും ഈ ഒരു വകുപ്പിനുതന്നെയാണു" വന്നിരിക്കുന്നതു". അതുകൊണ്ടുമാത്രം മറ്റു വകുപ്പുകളെക്കാൾ 8 ഇരട്ടി പ്രാധാന്യമുള്ള ഒരു വകുപ്പാണു" 15-ാംവകുപ്പു". ഇങ്ങനെയുള്ള ഒരു വകു"ു സെലക്"ു കമ്മിറ്റിയിൽപോയി അവിടെയെല്ലാം ആലോചിച്ചു കഴിഞ്ഞതിനുശേഷം ഇവിടെ ഹാജരാക്കിയിരിക്കുകയാണു". അതിനുശേഷം ഭേദഗതികളും ഇങ്ങനെ മാല പോലെ വന്നുകൊണ്ടിരിക്കുകയാണു". ഭേദഗതികളും ലിസ്റ്റു" 1, 2, 3 എന്നു തുടങ്ങി ഏതാണ്ടു" 25 വരെയായി. ബില്ലു" തയ്യാറാക്കി ഇവിടെ അവതരിപ്പിച്ച റവന്യൂ മന്ത്രിയുടെ ഭേദഗതികളുംതന്നെ വളരെയുണ്ടു". എന്നുവേണ്ട റവന്യൂ മന്ത്രിയുടെ ഭാഗത്തുനിന്നു" ഓരോ അമെൻറുമെൻറുകളും ഇപ്പോഴും ഹാജരാക്കിക്കൊണ്ടിരിക്കുകയാണു". ഇനിയും സമയം കൊടുക്കുകയാണെങ്കിൽ അമെൻറുമെൻറുകളും ഇനിയും വരികയും ചെയ്യും. അതുപോലെ 10-ഓ, 50-ഓ അമെൻറുമെൻറുകളും ആ ഭാഗത്തുനിന്നു കൊണ്ടുവന്നിട്ടുണ്ടു". ഈ ഭാഗത്തുനിന്നും കുറെ അമെൻറുമെൻറുകളും കൊണ്ടുവന്നിട്ടുണ്ടു". മന്ത്രിയും ചില അമെൻറുമെൻറുകളും കൊണ്ടുവന്നിട്ടുണ്ടു". ഈ അമെൻറുമെൻറുകളും എല്ലാം വച്ചുകൊണ്ടു" ഈ വകുപ്പിൻെറ അവസാനരൂപം എന്താണെന്നു" ബഹുമാനപ്പെട്ട വിളപ്പിൽ മെമ്പർ ശ്രീ. ജ . പൊന്നറശ്രീധർ ചോദിക്കുകയുണ്ടായി അതായതു" ഈ ശവണ്മെൻറിൽനിന്നു" സഭമുമ്പാകെ ചർച്ചക്ക കൊണ്ടുവന്നിരിക്കുന്ന നിയമം ഈ ഭാഗത്തുനിന്നു" കൊണ്ടുവന്നിരിക്കുന്ന ഭേദഗതികളും ശവണ്മെൻറ കൊണ്ടുവന്നിരിക്കുന്ന ഭേദഗതികളും ഉൾപ്പെടുത്തിയാൽ, അതിൻെറ അവസാനരൂപം എന്തായിരിക്കുമെന്നു" അദ്ദേഹം ചോദിക്കുകയുണ്ടായി. അതു ശരിയാക്കിക്കൊണ്ടു വന്നിട്ടുണ്ടെന്നും അതു നിയമസഭാ സെക്രട്ടേറിയറ്റിൽ ഏല്പിച്ചിട്ടുണ്ടെന്നും പറയുന്നു. അങ്ങനെ വന്നപ്പോൾ സെക്രട്ടേറിയറ്റു" പറഞ്ഞു നിങ്ങൾ ഇങ്ങനെ എപ്പോഴും അമെൻറുമെൻറുകൾ കൊണ്ടുവന്നാൽ അതെല്ലാം കൺസാളിഡേറ്റു ചെയ്യുവാൻ സാധ്യമല്ലെന്നു". ഇങ്ങനെയൊരു സംഭവം അടുത്തുമായി കേൾക്കുകയാണു". ഇതേവരെ ഇങ്ങനെയൊന്നു" ഇവിടെ കേട്ടിട്ടില്ല.

11 A. M. ഞാൻ ഈ സെക"ുനിൽ, ബഹുമാനപ്പെട്ട സ്പീക്കർ എനിക്കു തന്ന നിർദ്ദേശമനുസരിച്ചുതന്നെ പറയുകയാണു". ഇതിൻെറ ഒരു കൺസാളിഡേറ്റഡു" ലിസ്റ്റു" വിശദമായി ഞങ്ങളുടെ മുമ്പിൽ വച്ചിട്ടില്ലാത്തതുകൊണ്ടു" ഞങ്ങൾക്കു കുറച്ചു വിഷമമുണ്ടു".

ശ്രീ. പി. ടി. ചാക്കോ: ലെജിസ്ലേച്ചർ സെക്രട്ടറിയേറ്റിനെപ്പറ്റി ഇപ്പോൾ കുറെയൊക്കെ ആരോപണങ്ങളും ഇവിടെ പറയുന്നതു കേട്ടു. അതു" എവിടെ നിന്നും ഉണ്ടായതാണു"?

ശ്രീ. ജോസഫു" ചാഴിക്കാട്ടു": പാനൽ അഫു" ചെയർമാൻ ഇവിടെ പറഞ്ഞു; ഇങ്ങനെയുള്ള അമെൻറുമെൻറുകളും തുരുതുരെ വന്നാൽ അതു" ഒന്നായി എഴുതി കൊണ്ടുവരാൻ സാധിക്കുകയില്ലെന്നു" ലെജിസ്ലേച്ചർ സെക്രട്ടറിയേറ്റിൽനിന്നും ഇവിടെ എഴുതി കിട്ടിയിട്ടുണ്ടെന്നും". അതു വച്ചുകൊണ്ടാണു" ഞാൻ പറഞ്ഞതു". അല്ലാതെ ചുമ്മാ പറഞ്ഞതല്ല.

Mr. Speaker: Order, order. It is not the work of the Legislature Secretariat to incorporate the amendments tabled by the Members and to inform Members of the House how the clause would look like if the amendments were incorporated. It is not the duty of this Legislature Secretariat. That was why when certain hon. Members requested that the Legislature Secretariat must take up the work of incorporating the amendments into the clause tabled by the hon. Minister and to distribute

[Mr. Speaker]

the consolidated clause to the hon. Members the Chair objected to it. In fact all the amendments that have been tabled have been consolidated, printed and circulated among the Members. I specifically say that if any complaint has to be made in regard to that, the Member has to inform the Speaker and the Legislature Secretariat and he should not make it as a subject for comment on the floor of the House.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: ഇപ്പോൾ സംഗതി മനസ്സിലായി. അതു കൊണ്ട് ഞാൻ ഇനി അതേപ്പറ്റി ഒന്നും പറയുന്നില്ല. ഇതിപ്പോൾ ഇവിടെ പറയാൻ അവകാശമില്ലെന്നാണ് ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞതു്. ഞാൻ ഈ പറഞ്ഞിടത്തോളം ഇവിടെ സംഗതമായിരിക്കുന്നു. വിഷമം എന്നാലും ഉണ്ട്.

ഈ ബില്ലിന്റെ 15-ാംവകുപ്പ് ഇവിടെ ഉണ്ടായിരിക്കുന്നതു രണ്ടോ മൂന്നോ രാജ്യങ്ങൾക്കുവേണ്ടിയുണ്ടാക്കിയിരിക്കുന്നതായിട്ടാണ് തോന്നുന്നതു്. ഒന്നു് സബ്ബ്ക്ലാസ്സ് 3-ൽ "Where the land comprised in the holding is situate in Malabar or Cochin the tenant holding under a small holder may, at his option,....." എന്നു കാണുന്നു. അതായതു് സബ്ബ് ക്ലാസ്സ് 3 മലബാറിനും കൊച്ചിക്കും വേണ്ടിയിട്ടുള്ള നിയമമാണു്. സബ്ബ് ക്ലാസ്സ് 5-ൽ പറയുന്നതു് "Where the land comprised in the holding is situate in any other part of the State" എന്നാണു്. അപ്പോൾ മലബാറിനും കൊച്ചിക്കുംകൂടി ഒരു നിയമം, തിരുവിതാംകൂറിനൊരു നിയമം, തിരുവിതാംകൂറിന്റെ വടക്കുഭാഗത്തു് ഒരു നിയമം. ഇങ്ങനെ വേറെ വേറെ നിയമം ഉണ്ടാക്കുകയാണോ വേണ്ടതു്? സെക്ഷൻ നാലിൽ പറയുന്ന ഇതു കൂടാതെ വേറെ ചില ഭാഗങ്ങൾക്കു് പ്രത്യേക വ്യവസ്ഥകളും ഉണ്ടു് എന്നു്. അതായതു് വടക്കു പറവൂർ, കുട്ടനാടു്, ചേത്തല മുതലായ സ്ഥലങ്ങളിലേക്കു്.....

ശ്രീ. കെ. കെ. വിശ്വനാഥൻ: കുട്ടനാടല്ല കുന്നത്തുനാടാണു്.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: എനിക്കു തെറ്റിപ്പോയി. പറവൂർ അതുവാ, കുന്നത്തുനാടു്, ചേത്തല, പിന്നെ ഭാരതപ്പുഴയുടെ അപ്പുറത്തുള്ളതു്. പിന്നെ പെരിയാറിന്റെ അങ്ങേപ്പുറത്തുണ്ടു്. പിന്നെ In any other part of the State. ബാക്കി രാജ്യങ്ങളും വേറെയുമുണ്ടു്. പണ്ടു് പറവൂർ രാജാവുണ്ടായിരുന്നു. എടപ്പള്ളി രാജാവുണ്ടായിരുന്നു. ചേത്തല നമ്പൂതിരി വിറ്റിട്ടു് വേറെ വാങ്ങി. ഇപ്പോഴത്തെ നമ്പൂതിരിയെപ്പറ്റിയല്ല ഞാൻ പറഞ്ഞതു്. അപ്പോൾ ഓരോരോ ചെറിയ രാജ്യങ്ങൾക്കും, താലൂക്കുകൾക്കും വേണ്ടി ഇങ്ങനെ മലബാറിനും, കൊച്ചിക്കുംകൂടി ഒന്നു്, തിരുവിതാംകൂറിനൊന്നു് ഇങ്ങനെ വ്യത്യസ്തമായ നിയമങ്ങളും ഇവിടെ ഉണ്ടാക്കി വച്ചിട്ടുണ്ടു്. അതിന്റെ പ്രത്യാഘാതങ്ങളും നാം ഇവിടെ കേട്ടു. ശ്രീമാൻ രാഘവമേനോൻ മലബാറിൽനിന്നും മദ്രാസ് നിയമസഭയിൽ പോയി അവിടെ മന്ത്രിയായി ശോഭിച്ചിട്ടുണ്ടു്. അദ്ദേഹം ഇന്നിവിടെ പറഞ്ഞതു് ഞങ്ങളും മലബാറുകാരെ ഈ ദുർഭരണത്തിൽനിന്നും ഒന്നു് ഒഴിച്ചുവിട്ടേയ്ക്കുമോ, ഞങ്ങളെ മലബാറുകാരെ പിടിച്ചു കാട്ടിൽതന്നെ തിരിച്ചുകൊണ്ടു വിട്ടേച്ചാൽ മതി എന്നു്. ഈ സഭയിലെ ഒരു ബഹുമാനപ്പെട്ട മെമ്പർ വളരെ ഹൃദയവേദനയോടുകൂടി ഇങ്ങനെ പറയുന്നതു കേട്ടു. ഈ സഭയിലുള്ള എല്ലാ മെമ്പറന്മാരും അതു ശ്രദ്ധിക്കേണ്ടതാണു്. അതു കഴിഞ്ഞു ശ്രീ. രാഘവമേനോൻ ചോദിക്കുകയുണ്ടായി, ഈ ഭേദഗതിബില്ലിനെ സംബന്ധിച്ചു് നിങ്ങളും രാജിവയ്പ്പാൻ തയ്യാറുണ്ടോ എന്നു്. അങ്ങനെ തയ്യാറുണ്ടെങ്കിൽ ഇന്നു കൊണ്ടുവന്നിരിക്കുന്ന നിയമം തെറ്റാണു് എന്നുള്ളതുകൊണ്ടു് നിങ്ങളെ ജനങ്ങളും തിരഞ്ഞെടുക്കുകയില്ല എന്നു്. എന്തുകൊണ്ടെന്നാൽ അതു് അത്രകണ്ടു് ദോഷൈകദൃഷ്ടമായിരിക്കുന്ന നിയമമാണു്. ഈ ഭാഗത്തിരിക്കുന്ന മെമ്പറന്മാരെയും ആ ഭാഗത്തിരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

വരേയും ചലഞ്ച് ചെയ്യുന്നതായി കേട്ടു. അതുത്തോളം ഏറ്റവും വേദനയോടുകൂടി ഏതാനും ബഹുമാനപ്പെട്ട മെമ്പറന്മാർ ഇവിടെ ഇരിപ്പുണ്ടെന്നു കാണിക്കാൻ വേണ്ടി പറഞ്ഞതാണു്. പ്രതിപക്ഷത്തുനിന്നും ഹാജരാക്കിയിരിക്കുന്ന അമെൻഡുമെൻറുകളെപ്പറ്റി ഒന്നുകൂടി സാവകാശമായിട്ടു് ആലോചിച്ചു്, സഹകരിക്കാവുന്നവ സഹകരിക്കണമെന്നാണു് ഞാൻ അപേക്ഷിക്കുന്നതു്. ഈ ബില്ലിനു് അമെൻഡുമെൻറുകൾ അവതരിപ്പിക്കുമ്പോൾ "ഇതൊന്നും ഞാൻ സഹകരിക്കുന്നില്ല" എന്നും മറ്റും റവന്യൂ മന്ത്രി പലപ്പോഴും എഴുന്നേറ്റു നിന്നു് പറയുന്നതു കേട്ടാൽ ഈ സഭയിലെ ബഹുമാനപ്പെട്ട മെമ്പറന്മാരോടു വേണ്ടിടത്തോളം ബഹുമാനം കാണിക്കുന്നില്ലെന്നു തോന്നിപ്പോകുമെന്നു വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. ഞങ്ങളുടെ അമെൻഡുമെൻറുകളെല്ലാം കേട്ടു് ഏതെല്ലാം സഹകരിക്കണമോ, അതെങ്കിൽ സഹകരിക്കുക. സഹകരിക്കാൻ നിവൃത്തിയില്ലാത്തവ ഉണ്ടെങ്കിൽ അതിനു വ്യക്തമായിട്ടുള്ള മറുപടി പറഞ്ഞു് ഞങ്ങളെ സമാധാനിപ്പിക്കുക. ഇതിൽ പല വിഷമതകളും ഉണ്ടാകാനിടയുണ്ടു്. അതായതു തലമുറകളായിട്ടു് അനുഭവിച്ചുവന്നിരുന്നതിനെ ഇല്ലാതാക്കുകയും ഇല്ലാത്ത അവകാശങ്ങളെ ഉണ്ടാക്കുകയും ജനങ്ങളെ ദ്രോഹിക്കുകയും ചെയ്യുന്നതായ ഒരു നിയമമാണു് ഈ നിയമം. ഇതു് ശാശ്വതമായ ഒരു നിയമമാണു്. നാം കടം വാങ്ങിച്ചതു കൊടുക്കേണ്ട, എഴുശതമാനം പലിശ കൊടുത്താൽ മതി, ആയിരം രൂപാ വാങ്ങിച്ചതു് എഴുന്നൂറു രൂപാ കൊടുത്താൽ മതി, അതെല്ലാം ടെമ്പററി നിയമങ്ങളാണു്. എന്നാൽ ഈ അഗ്രേറിയൻ ബില്ലു് അങ്ങനെയുള്ളതല്ല. മി. രാഘവമേനോൻ അതേ സംബന്ധിച്ചു് വളരെ വളരെ കാര്യമായി പറഞ്ഞു. ഇതു ജനങ്ങളുടെ ജീവിതത്തെ സാരമായി ബാധിക്കുന്നതായ ഒരു നിയമമാണു്. രാജ്യത്തെ റോഡുപ്പട്ടത്തി ഇവിടെ ഒരു നിയമം, ചേർത്തല ഒരു നിയമം, പറവൂർ ഒരു നിയമം, മലബാർ കൊച്ചി ഇവയ്ക്കൊരു നിയമം, ഇങ്ങനെ ഉണ്ടാക്കുന്നതു് തീരെ ശരിയല്ല. നാം ഇപ്പോൾ തിരുവിതാംകൂറും കൊച്ചിയും കൂട്ടിച്ചേർത്തപ്പോൾ ഉള്ള പണി.....

Mr. Speaker: Order, order. I would like to bring to the notice of the House Rule 217 which says:

> "The Speaker, after having called the attention of the Assembly to the conduct of a member who persists in irrelevance or in tedious repetition either of his own arguments or of the arguments used by other members in debate, may direct him to discontinue his speech."

And so far as the hon. Member Joseph Chazhikatt is concerned, he has been repeating the arguments quite irrelevantly, and repeating all the arguments used by other members. This time I am not asking him to discontinue; but if he persist in doing that, I will have to ask him to discontinue his speech.

ശ്രീ. പൊന്നറ ജി. ശ്രീധർ: അതിൽ എനിക്കൊന്നു പ്രസ്താവിക്കാനുണ്ടു്. വേറെ ഒരാൾ പറഞ്ഞ ആർഗ്യുമെൻറു് എടുത്തു പറയുക എന്നു പറഞ്ഞാൽ അതു് അനുവദിക്കത്തക്കതല്ലെങ്കിൽ അതിനെ റിപ്പോർട്ടു് ഇങ്ങെടുത്തുതന്നാൽ മതി. ഞങ്ങളും വേറൊരാളും പറഞ്ഞ ആർഗ്യുമെൻറു് എടുത്തുപറഞ്ഞുപോയാൽ സ്പീക്കു് ഡിസ്കണ്ടിന്യു ചെയ്യേണ്ടിവരുമെന്നു പറഞ്ഞാൽ വിഷമമാണു്. ചിലപ്പോൾ അങ്ങനെ പറഞ്ഞുപോകും.

Mr. Speaker: Shri Sreedhar, I was first reading the rule, and bringing it to the notice of the House.

ശ്രീ. പൊന്നറ ജി. ശ്രീധർ: നാം ഞങ്ങളും വായിച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് ചാഴിക്കാട്ട് : ഞാൻ ബഹു: സ്പീക്കറോട് അതിവ കൃതമാണെന്നായിരിക്കുന്നു. എന്തുകൊണ്ടെന്നാൽ ഈ റൂൾതന്നെ പത്തിരുന്നൂറോ ചിലപ്പോൾ ഉണ്ട്. ഇടക്കിടയ്ക്ക് ഈ റൂളുകൾ ഇങ്ങനെ ഓമ്മപ്പെടുത്തുന്നതു വളരെ നന്നായിരിക്കും. ആ റൂൾ ഓമ്മിപ്പിച്ചു, പിന്നെ എന്റെ പ്രസംഗം തുടരാനാണ് പറഞ്ഞത്. അതിനു വീണ്ടും നന്ദി. ഈ റൂളിൽ ഒരാർഗ്യുമെന്റ് ഒരാൾ പറഞ്ഞതു മറ്റൊരാൾ പറഞ്ഞു കൂടാ എന്നു പറയുന്നു. ശരിക്കുള്ള തീർജ്ജിമ ചെയ്യുന്നു പുതുതായി പ്രവേശിക്കുന്നവർക്കു പ്രയോജനമാണ്. ഇപ്പോഴും അതു് ഒരാൾ തർജ്ജിമചെയ്തിട്ടുണ്ട്.

Mr. Speaker: Order, order. The hon. Member's speech has absolutely nothing to do with clause 15 or the amendments tabled thereto. In spite of my humble request not to go irrelevant, he has been continuing to do so and I must respectfully request the Member to discontinue his speech.

Now the next Member will speak.

ശ്രീ: ടി. ഒ. ബാവ : സർ, ഈ നിയമത്തിലെ വളരെ പ്രധാനപ്പെട്ട ഒരു വകുപ്പാണിതു്. ചെറുകിട ഭൂ ഉടമസ്ഥന്മാരെ രക്ഷിക്കാൻ പ്രത്യേക അനുകൂല്യങ്ങൾ അവർക്കു വ്യവസ്ഥ ചെയ്തുകൊണ്ടുള്ള ഒരു വകുപ്പാണു്. ഈ രാജ്യത്തെ ഭൂരിപക്ഷം ഭൂ ഉടമസ്ഥന്മാരും ഈ ഗണത്തിൽ ഉൾപ്പെട്ടവരാണുള്ളതു കൊണ്ടു് ഈ നിയമത്തിന്റെ കാതൽഭാഗമെന്നു ഇതാണെന്നു് പറയേണ്ടിയിരിക്കുന്നു. ഇതു വളരെ ശ്രദ്ധാപൂർവമായി പരിശോധിക്കേണ്ട ഒരു വകുപ്പുമാണു്. ഈ ബില്ലിന്റെ പ്രയോജനവും ദ്രോഹവും എല്ലാം ഈ ചെറുകിട ഭൂ ഉടമസ്ഥന്മാരാണു് അനുഭവിക്കേണ്ടിയിരിക്കുന്നതു്. ഇവിടെ റവന്യൂ മന്ത്രിയും, ഭരണകക്ഷിഅംഗങ്ങളും അവതരിപ്പിച്ചിരിക്കുന്ന വ്യവസ്ഥകളൊന്നുമല്ല സെലക്ട് കമ്മിറ്റി മുഖേന തയ്യാറാക്കിയിട്ടുള്ള ബില്ലിലുള്ളതു്. ബഹു: റവന്യൂമന്ത്രി ഞങ്ങൾക്കു് തന്നിട്ടുള്ള ഭേദഗതികളാണു് പതിനഞ്ചാം വകുപ്പിനും ഭേദഗതിയായി കാണുന്നതു്. അതുപോലെ അവതരിപ്പിച്ച ബില്ലു് ഇന്നു മാറി എഴുതിയിരിക്കുകയാണു്. ആ ബില്ലിൽ ഉണ്ടായിരുന്ന വ്യവസ്ഥകൾ മുഴുക്കി പറഞ്ഞാൽ ചെറുകിട ഭൂ ഉടമസ്ഥന്മാർക്കു് ഒരനുഗ്രഹമായിരുന്നു എന്നു പറയേണ്ടിയിരിക്കുന്നു. ഇന്നു് ആ അനുഗ്രഹം മാറി. ഈ ഭേദഗതികളൊക്കെകൊണ്ടു് വെളുക്കാൻ തേച്ചതു് പാണ്ഡായി മാറിയിരിക്കുകയാണു്. ഈ ബില്ലിന്റെ സ്വതേയുള്ള നിറം പാണ്ഡുരോഗത്തിനധീനമായിട്ടുണ്ടു് ഇന്നിവിടെ അവതരിപ്പിച്ച പരിഷ്കരിച്ച ക്ലാസ്മൂലം. ഇതു ചികിത്സിച്ചുമാറ്റാൻ പാടില്ലാത്ത രോഗമായിട്ടുണ്ടു്. സമഗ്രമായ ഈ ബിൽ വകുപ്പു വകുപ്പായി ചർച്ചയ്ക്കുവന്നപ്പോൾ പലയിടത്തും ചേർക്കാൻ പാടില്ലാത്ത പലതും ചേർത്തും വേണ്ട പല കാര്യങ്ങളും എടുത്തുകളഞ്ഞും വികൃതമാക്കിയിരിക്കുകയാണു്. റവന്യൂമന്ത്രിയുടെ ഭേദഗതികൾ അംഗീകരിച്ചു കഴിഞ്ഞാൽ ഈ രാജ്യത്തെ ചെറുകിട ഭൂ ഉടമകൾക്കു് യാതൊരു രക്ഷയുമില്ലാത്ത നിലയാണുണ്ടാകുന്നതു്. ഞാൻ ഒന്നുകൂടി വ്യക്തമാക്കാൻ പോകുകയാണു്. അഞ്ചേക്കറിൽ താഴെയുള്ള ഭൂ ഉടമസ്ഥന്മാർക്കു് കൺസിലിയേഷൻ നടപടികളനുസരിച്ചു് പാട്ടക്കാരനും, ഭൂമി ഉടമസ്ഥനും അവരുടെ വസ്തുസംബന്ധിച്ചു തീർപ്പുകൽപ്പിക്കാനുള്ള ഒരു വ്യവസ്ഥ മുമ്പിലത്തെ ബില്ലിലുണ്ടായിരുന്നു. അതു് ഇന്നു് അതുകെ എടുത്തുകളഞ്ഞിരിക്കുകയാണു്.

അഞ്ചേക്കറിൽ താഴെയുള്ള ഭൂമിഉടമസ്ഥന്മാർക്കു് കോംപ്രമിസ് ഏർപ്പാട്ടിൽ പാട്ടക്കാരനും ഭൂമി ഉടമസ്ഥനും അവർക്കു് ഏതു തീരുമാനത്തിലെത്തണമെന്ന ഒരു തീർപ്പുകൽപ്പിക്കാനുള്ള വ്യവസ്ഥ മുൻപുള്ള ബില്ലിലുണ്ടായിരുന്നു. അതു് ഇന്നു് അതുകെ എടുത്തുകളഞ്ഞിരിക്കുകയാണു്. പകരം ചേർത്തിരിക്കുന്നതു്—

ശ്രീ. എൻ. രാജഗോപാലൻ നായർ : അമൻഡുചെയ്തതിൽ സ "മാരം ഹോൾഡർ ടെനൻറ്" എന്നു് ഉൾപ്പെടുത്തിയിട്ടുള്ള വകുപ്പു് ഇപ്പോൾ കാണുന്നില്ലേ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. ഒ. ബാവാ :ഇല്ല. അതിനുപകരം കൊടുത്തിരിക്കുന്നതു് തമ്മിൽ സമ്മതിച്ചു് . . . .

ശ്രീ. പൊന്നാ ജി. ശ്രീധർ : ഏതു് അമൻഡ്മെൻറ് എന്നു പറഞ്ഞാൽ ഞങ്ങൾക്കും കൂടെ മനസ്സിലാകുമായിരുന്നു.

ശ്രീ. ടി. ഒ. ബാവാ: ഇതിൽ രണ്ടാം ഉപവകുപ്പു (ബി)യിൽ റവന്യൂമന്ത്രി അവതരിപ്പിച്ചിരിക്കുന്നതനുസരിച്ചു് സംമാംഹോംഡിംഗ് സെനൻറ് സമ്മതിക്കുന്നപക്ഷം പകുതി ഒഴിപ്പിച്ചെടുക്കാമെന്നും, പകുതി കൈവശം വയ്ക്കാമെന്നും നിർബന്ധമാക്കിയ ഒരു വ്യവസ്ഥ ഇതിൽ എഴുതിച്ചേർത്തിരിക്കുന്നു. തക്ക കക്ഷികളും രണ്ടുപേരും സമ്മതിച്ചാൽ അങ്ങനെ ചെയ്യാമെന്നു പറയുന്നതിനു് എന്തർത്ഥമുണ്ടു് എന്നു ഞാൻ ചോദിക്കുകയാണു്. ലാൻറ് ഓണേഴ്സ് മുഴുവൻ ഭൂമിയും ഒഴിഞ്ഞുകൊടുക്കാൻ പാട്ടക്കാരൻ സമ്മതിക്കുകയാണെങ്കിൽ തന്നെയും ആ സമ്മതം പോലും പാടില്ലെന്നല്ലേ ഈ നിയമനിർമ്മാണം കൊണ്ടു് ഇവിടെ വന്നുകൂടുന്നതു്? ചെറുകിടഭൂമിയുടമസ്ഥൻ അയാളുടെ മുഴുവൻ ഭൂമിയും സെനൻറിനെ ഏൽപ്പിച്ചു് മഠിതാമസിക്കാൻ വിചാരിച്ചാലും പാടില്ലെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. രണ്ടുകൂട്ടരും സമ്മതിക്കുന്നതനുസരിച്ചു് പങ്കിട്ടെടുക്കാമെന്ന നിയമം ഉണ്ടാക്കുന്നതു് അർത്ഥശൂന്യമാണു്. ചെറുകിട ഭൂമി ഉടമസ്ഥന്മാരേ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട റവന്യൂമന്ത്രി കുന്നത്തുനാടു്, തുലുവാ, ചേത്തല മുതലായ പ്രദേശങ്ങളെ പ്രത്യേകം പരിഗണിച്ചിട്ടുണ്ടു്. അവിടത്തെ സംപ്രദായം സെലക്ട് കമ്മിറ്റിയിലെ പ്രതിപക്ഷം അംഗങ്ങളും മനസ്സിലാക്കിക്കൊണ്ടു് സെലക്ട് കമ്മിറ്റിയിൽവച്ചു് ഇന്ന രൂപത്തിലായിരിക്കണം തീരുമാനിക്കേണ്ടതെന്നു് റിപ്പോർട്ട് ചെയ്തിരുന്നു. അഞ്ചേക്കർ ഭൂമിയുള്ള ഒരാൾ 50 സെൻറ് പുരവച്ചു താമസിക്കാൻ ഉപയോഗിച്ചുകാണും. ബാക്കി പാടത്തു കൃഷിചെയ്യുന്നതിനു് വളത്തിനും മറ്റുമായി കാടായിട്ടു് ഒന്നൊന്നര ഏക്കർ നിർത്തിക്കാണും. തോട്ടുകരകളിലെ പതിവാണിതു്. ബാക്കിവരുന്ന രണ്ടു മൂന്നേക്കർ സ്ഥലം അഞ്ചോ കൃഷിക്കാരുടെ കയ്യിലാണിരിക്കുന്നതു്. 99 ശതമാനം അഞ്ചേക്കർ നിലമുടമകളെ എടുത്തുനോക്കിയാലും നമുക്കു് ഈ പരമാർത്ഥം തന്നെ കാണാൻ കഴിയും. കുന്നത്തുനാടുതാലൂക്കിലുള്ള അഞ്ചേക്കർകാർക്കു് ഭരണകക്ഷിയുടെ ഈ ഭേദഗതികൊണ്ടു് യാതൊരു ആനുകൂല്യവും ലഭിക്കുകയില്ല. അവിടത്തെ കൃഷിയിൽ അധികവും 50 സെൻറ് ഒരു പറയ്ക്കുനിലം, രണ്ടുപറയ്ക്കുനിലം എന്നീരീതിയിലാണു്. അതും പങ്കുവച്ചുഎടുക്കാം എന്നു പറഞ്ഞാൽ പ്രായോഗികമല്ല. വളരെ കഷ്ടവുമാണു്, എന്നാണു് ഞാൻ പറയുന്നതു്. ഒരേക്കർ ഭൂമി സ്വന്തമായി പാട്ടത്തിനേറെ കൃഷിചെയ്യുന്നവർ വളരെ വിരളമാണു്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : അതിനു വല്ല നിർദ്ദേശവുമുണ്ടോ ?

ശ്രീ. ടി. ഒ. ബാവാ : ഉണ്ടു്. അങ്ങനെയുള്ള അളുകൾക്കു് മറ്റു നിലം ഉണ്ടാക്കിക്കൊടുത്തു് ജീവിക്കാൻ മാർഗ്ഗമുണ്ടാക്കി കൊടുക്കണം. ഒരേക്കർ നിലമനുഭവിച്ചുകൊണ്ടു് ബാക്കി ഒഴിഞ്ഞുകൊടുക്കണമെന്നു പറഞ്ഞാൽ ഒന്നും ആക്കും ഒഴിഞ്ഞുകിട്ടുകയില്ല. പകുതി എന്ന വ്യവസ്ഥ ചെയ്താൽ രണ്ടുകൂട്ടരും പട്ടിണികിക്കാരാവും. അതുകൊണ്ടു് പ്രതിമാസം മറ്റു മാർഗ്ഗത്തിൽ 150 രൂപ സ്ഥിരവരുമാനമില്ലാത്ത 5 ഏക്കറിൻറെ ഉടമസ്ഥന്മാക്കു് അവരുടെ ഭൂമി മുഴുവൻ സ്വന്തമായി ഒഴിപ്പിച്ചെടുക്കാൻ അവകാശം കൊടുക്കണം. അല്ലെങ്കിൽ അത്തരക്കാർക്കു് ആ ഭൂമിയുടെ മുഴുവൻവിലയും സർക്കാർകൊടുക്കണം. പാട്ടത്തിനു ചെറുകിടക്കാരിൽ നിന്നു ഭൂമി ഏറെനടക്കുന്ന സമ്പന്നന്മാർ ഉണ്ടു്. അഞ്ഞൂറും ആയിരവും രൂപാ പ്രതിമാസം ആദായമുള്ളവർ ഇവരിൽത്തന്നെയുണ്ടു്. അത്തരക്കാരിൽനിന്നും ഭൂമി പൂർണ്ണമായി പാവപ്പെട്ട ഭൂമിയുടമസ്ഥനു് ഒഴിപ്പിച്ചെടുക്കാൻ അനുവദിക്കണം. അപ്രകാരം തന്നെ സമ്പന്നനായ അഞ്ചേക്കർകാരനും പാവപ്പെട്ട പാട്ടക്കാരനും കാണും. അവരിൽ പാട്ടക്കാരനുതന്നെ ഭൂമി കൊടുത്തു ഭൂമിയുടമസ്ഥനു ന്യായമായ പ്രതിഫലം നൽകണം. യാതൊരു ഗതിയുമില്ലാത്ത അഞ്ചേക്കർകാരൻ പാട്ടക്കാരനേറെയും

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. ഒ. ബാവ]

ഈ ബില്ലിന്റെ ജനയിതാക്കളുടെയും ദൃഷ്ടിയിൽ ജന്മിയാണ്. അങ്ങനെ കാണുന്നതുകൊണ്ടാണ് ഇന്നത്തെ വ്യവസ്ഥകൊണ്ടു കിട്ടുകയില്ല. കുന്നത്തുനാടുതാലൂക്കിൽ ഭൂമിയുള്ളവരും ഇല്ലാത്തവരും പങ്കായി കുന്നംപുറങ്ങളിലൊക്കെ ഇഞ്ചിപ്പുല്ല് കൃഷിചെയ്യുന്നുണ്ട്. വിത്തും വേരുമൊക്കെ ഭൂമിയുടമസ്ഥനും പങ്കുകാരനും സമമായിട്ടെടുത്താണ് കൃഷിയിറക്കുന്നത്. ഒരു കൊല്ലം ഇഞ്ചിപ്പുൽ കൃഷിചെയ്താൽ അതിന്റെ ആദായം 3 കൊല്ലം അവർ പങ്കായിട്ട് എടുക്കും. മൂന്നുകൊല്ലം കഴിഞ്ഞാൽ ആദായവും ഇല്ല. അഞ്ചേക്കർ ഭൂമിയുടെ മാത്രം ഉടമസ്ഥൻ ഇത്തരം കൃഷിക്ക് ഒരു തവണകൊടുത്താൽ അതിലും പങ്കുകാരനു ഉടമാവകാശമായി. വെറുതെ കൂട്ടായി കൃഷിചെയ്യുവെന്നല്ലാതെ യാതൊരവകാശവും കൃഷിചെയ്തയാൾക്കില്ല. സകല ചെലവിന്റെയും പകുതി ഭൂമി ഉടമസ്ഥനാണു വഹിച്ചതു്. എന്നാലും കൂടെചേർന്നു കൃഷിചെയ്തയാൾ ഒഴിഞ്ഞുകൊടുക്കാൻ വ്യവസ്ഥയില്ലെന്നുവന്നാൽ ഭൂമിയുടമസ്ഥൻ കുഴപ്പത്തിലാകയേയുള്ളു. ഇഞ്ചിപ്പുൽ കൃഷിചെയ്താൽ മൂന്നുകൊല്ലം ആദായമെടുക്കാം. അപ്പോഴേക്കും 1956-ൽ രണ്ടു കൂട്ടരും അതായതു്, ഭൂമി ഉടമസ്ഥനും മറ്റൊരാളും കൂടി പങ്കായിട്ട് ഇഞ്ചിപ്പുൽ കൃഷിചെയ്തിട്ടുണ്ടെങ്കിൽ ഇതുപ്രകാരം ഭൂമി, ഉടമസ്ഥനു തിരിച്ചുകിട്ടാനോ, പാട്ടം കിട്ടാനോ സാധ്യമല്ല. എന്തുകൊണ്ടെന്നാൽ, 57-ൽ കൃഷി നടന്തിയാൽ 60 വരെ അനുഭവം എടുത്തെങ്കിലേ അവരുടെ പങ്കിടപാട്ട് തീരുകയുള്ളു. അപ്പോഴേക്കും കൊല്ലം ആകുമ്പോഴേക്കും, ഈ നിയമം വരും. പിന്നെ, ചെറുകിട ഭൂമിയുടമസ്ഥനു് യാതൊരാനുകൂല്യവും ലഭിക്കാൻ സാധ്യതയില്ല. 57-ൽ കൃഷിയിറക്കിയതു് കൃഷിക്കാരന്റെ ശ്രമമോ അധ്വാനമോകൊണ്ടല്ല. അധ്വാനത്തിന്റെ പകുതിച്ചെലവും ഭൂവുടമയാണു വഹിക്കുന്നതു്. ബഹുമാനപ്പെട്ട റവന്യൂമന്ത്രിക്കും, ആ ഭാഗത്തിരിക്കുന്ന അംഗങ്ങൾക്കും ഇതൊന്നും അറിവില്ലാത്തതുകൊണ്ടാണു് ഇത്തരത്തിൽ, ഈ നിയമം കൊണ്ടുവന്നിരിക്കുന്നതു്. ഇതു് പാവപ്പെട്ട ഭൂമി ഉടമസ്ഥന്മാർക്കു് വളരെ ബുദ്ധിമുട്ടും, ഉപദ്രവങ്ങളും ഉണ്ടാക്കുമെന്നു് ഈ സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണു്. അതുകൊണ്ടു് എന്റെ അഭിപ്രായം, അഞ്ചേക്കറിൽ താഴെയുള്ള ഭൂവുടമസ്ഥന്മാരുടെ ഭൂമി, പൂർണ്ണമായിട്ടു കൃഷിക്കാർക്കു് വിലയ്ക്കു വാങ്ങാനുള്ള പണം ഗവണ്മെൻറു് അഡ്വാൻസായിട്ടു് കൊടുക്കണം. ഭൂവുടമയ്ക്കുകിട്ടുന്ന മാർക്കറ്റുവില മുടക്കി എന്തെങ്കിലും തൊഴിൽ ചെയ്തു ജീവിക്കാൻ സാധിക്കും. അതല്ലെങ്കിൽ, കുഴിവില്ലാത്ത ഭൂവുടമസ്ഥനു് അവന്റെ അഞ്ചേക്കർ പൂർണ്ണമായി ഒഴിപ്പിച്ചെടുക്കാൻ വ്യവസ്ഥചെയ്യണം. ഒഴിഞ്ഞുപോകുന്നയാൾക്കു്, മിച്ചഭൂമിയിൽ നിന്നും ഗവണ്മെൻറു് അയാൾ കൃഷിചെയ്തിരുന്നതു ഭൂമി കൊടുക്കണം. കുന്നത്തുനാടിനെ സംബന്ധിച്ചിടത്തോളം, പൂർണ്ണമായി ഒഴിഞ്ഞുകൊടുക്കാനുള്ള ഒരു വ്യവസ്ഥയോ, വില കിട്ടാനുള്ള വ്യവസ്ഥയോ ഇതിൽ ഉൾപ്പെടുത്തണം. മലബാർ, കൊച്ചി, തിരുവിതാംകൂർ എന്നീ സ്ഥലങ്ങൾക്കു പ്രത്യേക വ്യവസ്ഥ പാടില്ലെന്നു് ചിലർ പറയുന്നു. ഈ രാജ്യത്തെ പ്രത്യേക സമ്പ്രദായം അറിവില്ലാത്തതുകൊണ്ടുമാത്രമാണു് അങ്ങനെയുള്ള വാദങ്ങൾ ഉയർന്നുവരുന്നതു്. അതുകൊണ്ടു് ബഹുമാനപ്പെട്ട മന്ത്രി, ഒന്നുകൂടെ പരിചിന്തിച്ചിട്ടു്, മേൽപറഞ്ഞ സംഗതികളുടെയെല്ലാം വെളിച്ചത്തിൽ വേണ്ട ഭേദഗതിവരുത്തി ചെറുകിട ഭൂവുടമസ്ഥന്മാർക്കു കൂടുതൽ ആനുകൂല്യം കിട്ടുന്ന, സെലക്ടുകമ്മിറ്റി റിപ്പോർട്ടുചെയ്ത ബില്ലിലെ 9-ാം വകുപ്പു് നിലനിറുത്തണമെന്നാണു് എനിക്കു പറയാനുള്ളതു്.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : സർ, ഈ ക്ലാസിനുള്ള എന്റെ ഭേദഗതി കൃഷിയുമായിട്ടു ബന്ധപ്പെട്ടുന്ന എല്ലാവരേയും ഒരുപോലെ ബാധിക്കുന്ന ഒന്നാണു്. ചെറുകിട ഭൂമി ഉടമസ്ഥന്മാരേയും അതുപോലെ തന്നെ അവരുടെ ഭൂമിയുമായി ബന്ധപ്പെട്ടുന്ന കുടിയാന്മാരേയും ഒരുപോലെ ബാധിക്കുന്ന ഒന്നാണു്. ഈ ബിൽ ഇവിടെ അവതരിപ്പിച്ചതിനുശേഷം അസംബ്ലി മെംബറന്മാരെല്ലാവരും യോജിച്ചു് ഒരു തീരുമാനമെടുക്കാൻ സാധിക്കുമെങ്കിൽ അത്രയും ആശ്വാസകരമാണു്. ആദ്യം ഉണ്ടായിരുന്ന ബില്ലിൽ നിന്നും പൊതുവെ ചില വ്യത്യാസം സെലക്ടുകമ്മിറ്റിറിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടു്. പിന്നെയും ഭേദഗതി കൊണ്ടുവന്നിട്ടുണ്ടു്. അതു നമ്മുടെ മുൻപാകെയുണ്ടു്. ബഹുമാനപ്പെട്ട മന്ത്രിക്കതന്നെയും അതിലെ പോരായ്മകൾ

LIBRARY ARCHIVES Kerala Legislative Assembly

മൻക്കുട്ടി കാണാൻ സാധ്യമല്ലായിരിക്കാം. അതുപോലെതന്നെ മുമ്പുണ്ടായിരുന്ന വകുപ്പുകളിൽ നിന്നും വ്യത്യസ്തമായി പിന്നെയും ഉണ്ടായിക്കൊണ്ടിരിക്കുന്നു. മൂന്നുഭേദഗതികളാണു് ഞാൻ അവതരിപ്പിച്ചിട്ടുള്ളതു്. എനിക്കു് പ്രത്യേകമായി പറയാനുള്ളതു്, ഇന്നുള്ള മലബാറിനേയും തിരുവിതാംകൂർ-കൊച്ചിയേയും വ്യത്യസ്തമായി കാണുന്നതു ശരിയല്ല എന്നാണു്. ഓരോഭാഗത്തുള്ളവർക്കും അവരവരുടെ ന്യായവാദങ്ങളും ഉന്നയിച്ചുകൊണ്ടും അതിനെ ന്യായീകരിച്ചുകൊണ്ടും വളരെയൊക്കെ പറയാനും സമർത്ഥിക്കാനുമുണ്ടായിരിക്കാം. വളരെക്കാലം മദിരാശിസംസ്ഥാനത്തോടുചേർന്നു നിന്നിരുന്നതുകൊണ്ടു് മലബാർ എല്ലാവിധത്തിലുള്ള പുരോഗതിയും നശിച്ചു് ഒരു പരിഗണനയുമില്ലാതെ പിൻതള്ളപ്പെട്ടുകിടക്കുന്നു എന്നു പരാതിപ്പെട്ടിരുന്നു. അങ്ങനെ മദിരാശിസംസ്ഥാനം അവഗണിച്ചിരുന്ന മലബാറിനെ അവിടെനിന്നും അടർത്തിയെടുത്തു് ഒന്നാകെ ഒരു കേരള സംസ്ഥാനമാക്കിത്തീർത്തിരിക്കുന്ന ഈ അവസരത്തിൽ ഇവിടെയും മലബാറിനോടു വ്യത്യസ്തതകാണിക്കുന്നതു ശരിയായിരിക്കുകയില്ല. ഒരു വ്യത്യസ്ത നയമാണു് ഇപ്പോഴും സ്വീകരിച്ചുവരുന്നതെന്നു് വ്യസനസമേതം ഞാൻ ഈ സഭയിൽ പറയുകയാണു്. അങ്ങനെയൊരു നയം അനുവർത്തിക്കുന്നതു തെറ്റാണു്. ഇതിനെ ഉദാഹരിച്ചുകൊണ്ടാണു് ഞങ്ങളുടെ ഡപ്യൂട്ടിലീഡർ ശ്രീ. നാരായണക്കുറുപ്പു ഭേദഗതി അവതരിപ്പിച്ചതു്. ആ ഭേദഗതിയെ ഞാൻ വളരെ ശക്തിമത്തായി പിൻതാങ്ങുകയാണു്. എന്റെ ഒന്നാമത്തെ ഭേദഗതിയെ സംബന്ധിച്ചു പറയുകയാണെങ്കിൽ, (541)

'In clause 15 (1) b, omit the words by partition or' എന്നു കൂടി ചേർക്കണം. ആ ക്ലാസ് ഒന്നു വായിച്ചുനോക്കേണ്ടതാണു്.

"Provided that where a person held as protected tenant or owned lands exceeding five acres of double crop nilam or its equivalent in the aggregate immediately before the 18th day of December, 1957, but on or subsequent to that date the extent of such land was reduced, by partition or transfer, to five acres of double crop nilam or its equivalent or less, he shall not be deemed to be a small holder:"

അപ്പോൾ ഈ ബിൽ അവതരിപ്പിച്ച തീയതിക്കു് ഏതെങ്കിലും കുടുംബത്തിനു് അഞ്ചേക്കർ ഇരുപ്പുനിലത്തിൽ കുറഞ്ഞുപോയിട്ടുണ്ടെങ്കിൽ സ്മാൾ ഹോൾഡർക്കുള്ള ഗുണം കിട്ടാൻ അർഹതയില്ലെന്നു പറയുന്നു. മലബാറിലേക്കു കടന്നു കഴിഞ്ഞാൽ കാരണവന്മാരാണു് കുടുംബം ഭരിച്ചുകൊണ്ടിരിക്കുന്നതു്. ഭാഗമൊന്നും നടത്തുകയില്ല. അവർ വളരെ മുട്ടാപ്പിടിത്തക്കാരാണു്. തിരുവനന്തപുരത്തും മറ്റും മിക്കവാറും എല്ലാ കുടുംബങ്ങളും ഭാഗം വച്ചുകഴിഞ്ഞിട്ടുണ്ടു്. പക്ഷേ മലബാറിൽ ഇന്നും കാരണവന്മാരാണു് പഴയരീതിയിൽ ഭരണം നടത്തിക്കൊണ്ടിരിക്കുന്നതു്. വളരെക്കാലമായി ഭാഗത്തിനുവേണ്ടി വാദിച്ചതിന്റെ ഫലമായി ഈ ബിൽ വരുന്നു എന്നറിഞ്ഞതിനു ശേഷം ചില കുടുംബങ്ങളിൽ ഭാഗം നടന്നിട്ടുണ്ടു്.

ഈ രാജ്യത്തു് ഇങ്ങനെയൊരു നിയമം കൊണ്ടുവരാൻ പോകുന്നുവെന്നു് അറിഞ്ഞിട്ടു്, അതിന്റെ നടത്തിപ്പിനെ മനഃപൂർവ്വം തടസപ്പെടുത്താനോ, പരാജയപ്പെടുത്താനോ വല്ലതും ചെയ്തിട്ടുണ്ടെങ്കിൽ അതു നിയന്ത്രിക്കാൻ ഇങ്ങനെ വ്യവസ്ഥചെയ്യുന്നതു നല്ലതാകാമെന്നു് എനിക്കുമുണ്ടു്. എന്നാൽ നാട്ടിൽ അധികവും അങ്ങനെയല്ല സംഭവിച്ചിട്ടുള്ളതു്. മൂന്നും, നാലും പെൺകുട്ടികളുള്ള ഒരു കുടുംബത്തിൽ, പെൺമക്കളെ വിവാഹംകഴിച്ചു് ഏതാണ്ടു കൊല്ലം കഴിയുമ്പോൾ, ഓരോരുത്തർക്കും നാലും അഞ്ചും കുട്ടികൾ ആകുന്നു. അപ്പോൾ ആ കുടുംബത്തിലെ ഭാഗം നടത്തേണ്ട സാഹചര്യം വന്നുചേരും. അങ്ങനെയല്ലാതെ 1957 ഏപ്രിൽ 11-ാംതീയതിക്കു ശേഷം ഒരു കൊല്ലം മുമ്പോ രണ്ടുകൊല്ലം മുമ്പോ, നാലഞ്ചു കുട്ടികളുമായി കഴിഞ്ഞ ഒരു കുടുംബം, ഇപ്പോൾ അംഗസംഖ്യ വർദ്ധിച്ചു് കുടുംബം ഭാഗിക്കേണ്ടിവന്നാൽ ഈ നിയമപ്രകാരം അവർക്കു് ശരിയായ ആനുകൂല്യം ലഭിക്കുകയില്ലെന്നുവന്നാൽ അതു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ]

കുഴപ്പമാണ്. മലബാറിനെ സംബന്ധിച്ചിടത്തോളം ഇത്തരംകേസുകൾ ധാരാളമുണ്ടായിട്ടുണ്ട്. ഇന്നും ഭോഗം നടന്നുകൊണ്ടിരിക്കുന്നുണ്ട്. തിരു : കൊച്ചി പ്രദേശത്തു അങ്ങനെയല്ല. മലബാറിലാണെങ്കിൽ, ഇവിടത്തെപ്പോലെ പെൺകുട്ടികൾ കൂലിവേലിക്കുപോകുകയില്ല. അങ്ങനെയുള്ള പെൺകുട്ടികൾക്ക് ഈ ഭൂമിയിൽ നിന്നുള്ള അല്പമാത്രമായ ആദായമായിരിക്കും ജീവിതമാർഗ്ഗം. സ്മാംഹോം ഡേഴ്സിന്റെ ആനുകൂല്യം അവർക്ക് നിഷേധിക്കപ്പെട്ടാൽ, അവരുടെ അവസ്ഥ എന്തായിത്തീരുമെന്ന് നാം ഗൗരവമായി ആലോചിക്കേണ്ടതാണ്. ഈ വ്യവസ്ഥമൂലം, അങ്ങനെയുള്ള പെൺകുട്ടികളെ തെരുവുതെണ്ടികളും, വൃഭിചാരികളുമാക്കിത്തീർക്കുകയായിരിക്കും ചെയ്യുന്നത്. മലബാറിനെ സംബന്ധിച്ചിടത്തോളം കുടിയാന്മാർക്ക സ്ഥിരാവകാശം മുൻകൂട്ടി കൊടുത്തിട്ടുണ്ട്. അവിടവിടെയായി ചെറിയ തട്ടിവച്ചുകെട്ടി, മണ്ണുഭിത്തിയുണ്ടാക്കി കുടിൽകെട്ടി താമസിച്ചവർ ക്രമേണ അതിനു അവകാശികളായിത്തീർന്നിട്ടുണ്ട്. ചെറുകിട ജന്മികളുടെ കാര്യമാണ് വളരെ ദയനീയം. ഉള്ള ഭൂമിയുടെ ആദായത്തിൽ നിന്നും, അല്പം കൂടിയാൻ കാലാകാലങ്ങളിൽ കൊടുക്കുന്നപക്ഷം ജീവിക്കാനുള്ള വഴിയേ അവരെ സംബന്ധിച്ചിടത്തോളം ഇന്നു കാണുന്നുള്ളൂ. അങ്ങനെ ഇവരെ ശരിയായി പാട്ടം കിട്ടാതെയും, ജീവിതസൗകര്യങ്ങൾ നഷ്ടപ്പെട്ടും കഴിഞ്ഞുവന്ന ജന്മിമാർ ഈ നിയമം കൊണ്ടും യാതൊരു സംരക്ഷണവുമില്ലാതെ, സ്മാംഹോംഡേഴ്സിന്റെ സംരക്ഷണം പോലും കിട്ടാതെ വിഷമിക്കേണ്ടതായിട്ടാണിരിക്കുന്നത്. മലബാറിനെ സംബന്ധിച്ചിടത്തോളം ഈ കാര്യങ്ങൾ പ്രതിപക്ഷമെമ്പറന്മാരെപ്പോലെ തന്നെ ഭരണകക്ഷിയിലെ ബഹുമാനപ്പെട്ട അംഗങ്ങൾക്കും ബോദ്ധ്യമുള്ളതാണ്. അവർ ഈ കാര്യം ഒന്നുകൂടി ഗൗരവമായി ആലോചിച്ച് ആവശ്യമായ ഭേദഗതി വരുത്തേണ്ടതാണ്. പ്രതിപക്ഷത്തുനിന്നും എത്ര ഭേദഗതികൾകൊണ്ടുവന്നാലും, അതിൽ എത്രമാത്രം ന്യായമുണ്ടായാലും മിക്കവാറും സ്വീകരിക്കുന്നില്ലെന്നു കാണുന്നതു ഖേദകരമാണ്. എന്റെ അഭിപ്രായത്തിൽ, നല്ല ഭേദഗതികൾ ആരുകൊണ്ടുവന്നാലും തരക്കേടില്ല; നമുക്കു ഈ നിയമംമൂലം നാട്ടിലെ എല്ലാവിഭാഗം ആളുകൾക്കും നന്മയുണ്ടാകണമെന്നേയുള്ളൂ. അതു ഭാഗത്തിരിക്കുന്നവർതന്നെ നല്ല ഭേദഗതികൾ കൊണ്ടുവന്നു ഈ കുഴപ്പങ്ങൾ നീക്കാൻ ശ്രമിക്കണമെന്നാണ് എന്റെ അഭ്യർത്ഥന. സാധാരണ ഇത്തരം നിയമങ്ങൾക്കു പ്രതിപക്ഷത്തുനിന്നും കൂടുതൽ കാര്യക്ഷമതയുള്ളതും, പ്രായോഗികമായ പ്രയോജനത്തിനും വേണ്ടി നല്ല ഭേദഗതികൾ കൊണ്ടുവരിക പതിവാണ്. അതു രാഷ്ട്രീയമായ യാതൊരു പരിഗണനയും കൂടാതെ സ്വീകരിക്കേണ്ടതു് ആവശ്യവുമാണ്. മലബാറിലെ സ്മാംഹോംഡേഴ്സിന്റെ കാര്യം ഞാൻ മുൻപു സൂചിപ്പിച്ചതുപോലെ ഭരണകക്ഷിയിലെ അംഗങ്ങളും, കൂടെക്കൂടി കാര്യമായി ചിന്തിച്ചു്, അവിടത്തെ ജന്മിമാർക്ക പാർട്ടിഷൻമൂലം ഈ വകുപ്പിൽ പെട്ടാലും അവരെ സ്മാംഹോംഡേഴ്സിന്റെ പരിഗണനയിൽ ഉൾപ്പെടുത്തുകയില്ലെന്നു പറയുന്നതു ഭേദഗതി ചെയ്യേണ്ടതാണ്. പാർട്ടിഷൻമൂലം അഞ്ചേക്കറിൽ കുറഞ്ഞുഭൂമിയുള്ളവരെ സ്മാംഹോംഡേഴ്സിന്റെ പരിഗണനയിൽപെടുത്തുകയില്ലെന്നു പറയുന്നതു ഭേദഗതിചെയ്തേകഴിയൂ. ഹിന്ദുസക്സഷൻ ലാ അനുസരിച്ചു ജോയിന്റ ഫാമിലികൾ ഭാഗം നടന്നതായികണക്കാക്കുമെന്നു ഒരു അഭിപ്രായഗതിയുണ്ട്. അതു ശരിയല്ല. ഈ നിയമം ഉണ്ടാക്കുന്നതിനു മുൻപുതന്നെ ഒരു പ്രത്യേക ശാസനം നൽകണമായിരുന്നു, ഇത്രകാലത്തേക്ക് അതും പാർട്ടിഷൻ നടത്താൻ പാടില്ലെന്നു്. അതു ചെയ്യാതിരുന്നതിനാലാകാം, ഹിന്ദുകുടുംബങ്ങളെ സംബന്ധിച്ചിടത്തോളം പാർട്ടിഷൻ അവസരംപോലെ ആവശ്യമായി വരുമെന്നുള്ളതുകൊണ്ട് ഈ വകുപ്പ് അവരെ സാരമായി ബാധിക്കുന്നതാണെന്ന മനസിലാക്കി ഈ വ്യവസ്ഥ ഭേദഗതി ചെയ്യേണ്ടതാണ്. സിംഗപ്പൂരിലോ, പെനാംഗിലോ പോയി പണമുണ്ടാക്കാം, ഉദ്യോഗസ്ഥന്മാരായി ആവശ്യം പോലെ പണം സമ്പാദിക്കാം, വ്യവസായങ്ങളിൽ അമിതമായ ലാഭംഉണ്ടാക്കാം എന്നിരിക്കേ; വെറും ഭൂമിയെമാത്രം ആശ്രയിച്ചുജീവിക്കുന്നവരെ ഇങ്ങനെ ഭാഗികമായിമാത്രം പുരോഗതിയെതടസപ്പെടുത്തുന്ന നിയന്ത്രണങ്ങൾ കൊണ്ടു് കഷ്ടപ്പെടുത്തുന്നതു സങ്കടകരമാണ്. ഇതിനെപ്പറ്റി അധികമൊന്നും പറയാതെതന്നെ, ബഹുമാനപ്പെട്ട ഭരണ

LIBRARY ARCHIVES Kerala Legislative Assembly

കക്ഷിയിലെ, മലബാർ ഭാഗത്തെ മെമ്പറന്മാർക്ക് അറിയാവുന്നതാണ്. അവർ ഒന്നുകൂടി ഇതിനെപ്പറ്റി കാര്യമായി ചിന്തിച്ച്, ഇതിലെ ചില വകുപ്പുകൾ എടുത്തുകളഞ്ഞിട്ട് സ"മാംഹോംഡേഴ്സിന്റെ സൗജന്യങ്ങൾ അവർക്കുകൂടി കൊടുക്കുവാൻ ശ്രമിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

സർ, ഞാൻ ഈ ക്ലാസിൽ സബ്ക്ലാസ് 4 (iii) ബി-യിൽ "Provided that this rent shall be paid in kind" എന്ന് ഒരു ഭേദഗതി അവതരിപ്പിച്ചിട്ടുണ്ട്. സ"മാംഹോംഡേഴ്സിനു കൊടുക്കാനുള്ള റെന്റ് കൃഷിയായിട്ട് കൊടുക്കാമെന്നും ജനറലായിട്ട് നാം പാസാക്കിയിട്ടുണ്ട്. കൃഷിയായിട്ട് കൊടുക്കുന്നതു ചിലപ്പോൾ സൗകര്യമായിരിക്കുമെങ്കിലും ചില അവസരങ്ങളിൽ നെല്ലായിട്ടതന്നെ, കിട്ടുന്നതായിരിക്കും ഉടമസ്ഥനു സൗകര്യം. കൈൻഡായിട്ട് കൊടുത്താൽ അതു കൊടുക്കുന്നവർക്കും വാങ്ങുന്നവർക്കും കൂടുതൽ സൗകര്യമായിരിക്കും. വാരം കൈൻഡായിട്ടുകൊടുക്കുന്നതു സൗകര്യമായിരിക്കും. കൃഷിയായിട്ടാണെങ്കിൽ, തൽക്കാലം കൊടുക്കാതെ പിന്നത്തേക്കു മാറ്റിവയ്ക്കാനും സാദ്ധ്യതയുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയും, ആ ഭാഗത്തിരിക്കുന്ന മെമ്പറന്മാരും ഈ കാര്യങ്ങൾ ആലോചിച്ച് വേണ്ട ഭേദഗതി സ്വീകരിക്കുമെന്നു വിശ്വസിക്കുന്നു. പാർട്ടിഷൻമൂലം പിരിഞ്ഞ സ"മാംഹോംഡേഴ്സിനെക്കുടി ഈ നിയമത്തിന്റെ ആനുകൂല്യങ്ങൾ അനുഭവിക്കാൻ സൗകര്യപ്പെടുത്തണമെന്നും പാട്ടം കൈൻഡായിട്ട് കൊടുക്കുന്നതിനുവേണ്ട വ്യവസ്ഥ ചെയ്യണമെന്നും, അതു കേവലം ജസ്റ്റിസായുള്ളതുകൊണ്ട് കൂടിയാന്മാരെപ്പോലെതന്നെ, പാവങ്ങളായ ചെറുകിടക്കാർക്കും പ്രയോജനകരമായവിധത്തിൽ 15-ാം ക്ലാസ്സ് പാസാക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, വളരെയധികം ചിന്താക്കുഴപ്പം ഉണ്ടാകാവുന്നരീതിയിലാണ് പ്രതിപക്ഷമെമ്പറന്മാർ സംസാരിച്ചതെന്നാണ് ഞാൻ കരുതുന്നതു. കുറെ അധികം മാറ്റങ്ങളും, ആദ്യം അവതരിപ്പിച്ചതിൽ നിന്നും 15-ാംവകുപ്പിനുണ്ടായിട്ടുണ്ട്. പ്രതിപക്ഷ സുഹൃത്തുക്കളും സംസാരിച്ചപ്പോൾതന്നെ, 15-ാം വകുപ്പ് ഈ ബില്ലിലെ ഏറ്റവും സുപ്രധാനമായ വകുപ്പാണെന്നും, സ"മാംഹോംഡേഴ്സിനെ സംബന്ധിച്ചിടത്തോളം ആവശ്യമായ സംരക്ഷണം കൊടുക്കേണ്ടതു ഈ നിയമത്തിൽ വളരെ ആവശ്യമാണെന്നും പറയുകയുണ്ടായി. അതസ്ഥിതിയ്ക്ക് അതുപോലെതന്നെ, വളരെ സങ്കീർണ്ണമാണ് ഭൂവുടമകളെ സംബന്ധിച്ചകാര്യങ്ങളെന്നും എല്ലാവരും സമ്മതിക്കുന്നുണ്ട്. രാജ്യത്തു് ഓരോ ഭൂഭാഗത്തിലുമുണ്ടാകുന്ന ജനങ്ങളുടെ പ്രതികരണങ്ങളെ കണക്കിലെടുത്തു കൊണ്ടുവേണം നിയമനിർമ്മാണം നടത്തേണ്ടതെന്നും, യാഥാർത്ഥ്യങ്ങൾ വിസ്മരിക്കാതെ ആവശ്യമായ സംരക്ഷണങ്ങൾ എല്ലാവിഭാഗത്തിനും നൽകണമെന്നും നാം ഇവിടെ പൊതുവേ സമ്മതിക്കുന്നുണ്ട്. ഒരു വിഭാഗത്തിനു് കുഴപ്പമുണ്ടാകുന്ന തരത്തിൽ, മറ്റൊരു വിഭാഗത്തെമാത്രം സംരക്ഷിക്കാനുള്ള നടപടികളും നിയമനിർമ്മാണത്തിൽ സ്വീകരിക്കരുതെന്നു് പ്രതിപക്ഷകക്ഷിയിലെ ചില സുഹൃത്തുക്കളും പ്രത്യേകം എടുത്തു പറഞ്ഞു. ഇങ്ങനെ ഇവിടെ പറഞ്ഞുകേട്ട അഭിപ്രായങ്ങളെല്ലാം പരിശോധിക്കുമ്പോൾ, ശ്രീമതി മേനോന്റെ ഭാഗത്തുനിന്നും അവതരിപ്പിച്ചിട്ടുള്ള ഭേദഗതികളും ഒട്ടൊക്കെ ശരിയാണെന്നു ബോദ്ധ്യപ്പെടുന്നതാണ്. ശ്രീ. കെ. കെ. വിശ്വനാഥൻ ഒരു ഭേദഗതി അവതരിപ്പിച്ചു പ്രസംഗിച്ചപ്പോൾ, എന്റെ ഒരു ചോദ്യത്തിനുത്തരമായി ഓരോ പ്രവിശ്യയിലും നിയമനിർമ്മാണം നടത്തുമ്പോൾ, അവിടത്തെ പൂർവ്വകാലചരിത്രങ്ങൾകൂടി കണക്കിലെടുക്കണമെന്നും, ഓരോ സ്ഥലത്തെയും, പ്രത്യേക കാർഷികവ്യവസ്ഥകൾകൂടി പരിഗണിച്ചിട്ടായിരിക്കണം. നിയമനിർമ്മാണം നടത്തേണ്ടതെന്നും വ്യക്തമായി പറയുകയുണ്ടായി. അദ്ദേഹത്തിന്റെ ആ അഭിപ്രായം ആത്മാർത്ഥതയോടുകൂടി പറഞ്ഞതാണെങ്കിൽ, 15-ാം വകുപ്പിനെസംബന്ധിച്ചിടത്തോളം ശ്രീമതി മേനോന്റെയും, തികച്ചും ഈ നാട്ടിന്റെ, കേരളത്തിന്റെ പൂർവ്വകാലചരിത്രത്തിന്റെയും, കാർഷിക വ്യവസ്ഥകളുടെയും അടിസ്ഥാനത്തിൽ തന്നെയാണെന്നു് മനസിലാക്കാൻ കഴിയും. കേരളത്തിൽ, തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നീ മൂന്നു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഇ.വ. ചന്ദ്രശേഖൻ നായർ]

വിഭാഗങ്ങളിലും പ്രത്യേകം ഭൂനിമയങ്ങളും, കാർഷികസമ്പ്രദായങ്ങളുമായിരുന്ന നിലവിലിരുന്നതു്. അതെല്ലാം ഒരു നിയമത്തിന്റെ ചട്ടക്കൂട്ടിൽ കൊണ്ടുവരുമ്പോൾ, പരമാവധി ഒരു ഐകരൂപ്യം വരുത്താമെന്നല്ലാതെ, എല്ലാം തികഞ്ഞതരത്തിൽ സാധിക്കുകയില്ലെന്നു് എല്ലാവരും സമ്മതിക്കുന്ന ഒരുകാര്യമാണു്. അങ്ങനെ വ്യത്യസ്തമായ സംപ്രദായങ്ങളിൽ കഴിഞ്ഞുവന്നിരുന്ന പ്രദേശങ്ങളെ അതാതു നിലയിൽ പരിശോധിച്ചു് ഒരു നിയമം കൊണ്ടുവരികയേ നിവൃത്തിയുള്ളൂ. ശ്രീ. ടി. ഒ. ബാവാ പറഞ്ഞു, 5 ഏക്കർവരെയുള്ള ഭൂവുടമകൾക്കു മുഴുവൻ സ്ഥിരാവകാശം നൽകണമെന്നു്. അതും ഈ രാജ്യത്തെ ഒരുവിഭാഗം ആളുകളുടെ മനോഭാവത്തെ പ്രതിഫലിപ്പിക്കുന്ന അഭിപ്രായമാണു്. ഇത്തരത്തിൽ ചിന്തിക്കുന്ന കുറെ ആളുകളും ഇന്നുണ്ടു്. പറവൂർ, ചേർത്തല, കുന്നത്തുനാടു് എന്നീ സ്ഥലങ്ങളിൽമാത്രം അതു നടപ്പിലാക്കണമെന്നു പറയുകയാണു്. അങ്ങനെയുള്ള ചിന്താഗതിക്കാരുമുണ്ടു്. ഇങ്ങനെ വിവിധാഭിപ്രായക്കാരുള്ള, വിവിധ ആശയഗതിക്കാരായ ആളുകളും ഉള്ള ഇവിടെ സമഗ്രമായ ഒരു നിയമം കൊണ്ടുവരുമ്പോൾ, കൃഷിക്കാർക്കു കുറെ ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കേണ്ടതാണു്. ഇതു രണ്ടുംകൂടി പൊരുത്തപ്പെട്ടുത്തിവേണം നിയമം ഉണ്ടാക്കാൻ. അങ്ങനെയാണു് ഗവണ്മെന്റു് ഭാഗത്തുനിന്നും ഈ വകുപ്പിനു് ഭേദഗതികൂടി അവതരിപ്പിച്ചിരിക്കുന്നതു്. പ്രാദേശികമായ ഒരു സമീപനം ഇതിൽ കാണുന്നതു തെറ്റാണെന്നു പറഞ്ഞു. ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ കുടിയാനു് ചില ആനുകൂല്യങ്ങൾ നൽകാൻ, മറ്റുള്ള നിയമങ്ങൾ, തിരുവിതാംകൂറിലും, കൊച്ചിയിലും, മലബാറിലും, ഉണ്ടായിരുന്ന നിയമങ്ങൾ കണക്കിലെടുക്കാതെ സാദ്ധ്യമല്ല. മലബാറിലും, കൊച്ചിയിലും മുൻപേതന്നെ കുടിയാന്മാർക്കു സ്ഥിരാവകാശം നൽകിയിരുന്നു. തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം ഒരു പ്രത്യേക വ്യവസ്ഥ ഇതിൽ ചേർത്തിരിക്കുകയാണു്. കുടിയാന്മാരെ സംബന്ധിച്ചിടത്തോളം അവരുടെ ഇഷ്ടം ഇല്ലെങ്കിൽ ഒഴിപ്പിക്കാൻ പാടില്ലെന്നുള്ള വ്യവസ്ഥ ഇതിലുണ്ടു്. സ്ഥിരാവകാശം കിട്ടാത്ത പ്രദേശങ്ങളിൽ അതിനുവേണ്ട സംരക്ഷണം നൽകാൻ ആവശ്യമായ ഭേദഗതി ഇതിൽ കൊണ്ടുവന്നിട്ടുള്ളതു വളരെ സുപ്രധാനമായിട്ടുള്ളതാണെന്നാണു ഞാൻ ചൂണ്ടിക്കാണിക്കുകയാണു്. 5 ഏക്കറുള്ള ഭൂവുടമകളെ സംബന്ധിച്ചിടത്തോളം ഒന്നുകിൽ പകുതി ഒഴിപ്പിച്ചെടുക്കാം, ബാക്കി പകുതിയെ സംബന്ധിച്ചിടത്തോളം കുടിയാനു് ചില ഓപ്ഷൻ ഉണ്ടു്, അതിൽ ഏതെങ്കിലും സ്വീകരിക്കാമെന്ന വ്യവസ്ഥയുണ്ടു്. നിലവിലുള്ള പാട്ടത്തിന്റെ 12 ഇരട്ടി കൊടുത്താൽ ആ വസ്തു കുടിയാനു് വിലയ്ക്കുവാങ്ങിക്കാമെന്നുണ്ടു്.

ഇന്നുനിലവിലിരിക്കുന്ന പാട്ടത്തിന്റെ 12 ഇരട്ടി എന്നു പറയുമ്പോൾ മാർക്കറ്റു വിലയുടെ ഏകദേശം 60 ശതമാനത്തോളം വരും. ഇവിടെ സ്ഥിരാവകാശം കിട്ടാത്ത കുടിയാന്മാരെ സംബന്ധിച്ചിടത്തോളം അവർക്കു് പകുതി വസ്തു മാർക്കറ്റു വിലയുടെ 60 ശതമാനം നഷ്ടപരിഹാരം കൊടുത്തു വാങ്ങുന്നതിനുള്ള അവകാശമാണുള്ളതു്. അതു പ്രതിപക്ഷത്തുള്ളവർക്കു സ്വാഗതാർഹമായിരിക്കുമെന്നാണു് ഞാൻ മനസിലാക്കുന്നതു്. പ്രതിപക്ഷത്തുനിന്നും കൊണ്ടുവന്ന ഭേദഗതികളിൽ വാരക്കാരെ സംബന്ധിച്ചിടത്തോളം 6 വർഷം തുടർച്ചയായി കൈവശം ഇല്ലെങ്കിൽ അവർക്കു് ഒന്നും കൊടുക്കേണ്ട എന്നു പറഞ്ഞിരുന്നു. വാരക്കാരും കൃഷിക്കാരാണെന്നുള്ളതിൽ അഭിപ്രായവ്യത്യാസമില്ല. വാരം എന്ന ഏർപ്പാടു പറഞ്ഞു കൃഷി ചെയ്തുകൊണ്ടിരുന്നവർക്കു് ഒരേക്കറും വേണ്ട അരയേക്കറും വേണ്ടെന്നു വയ്ക്കുകയുണ്ടായി. ശ്രീ. വിശ്വനാഥൻ പറഞ്ഞതുപോലെ കൃഷി ചെയ്യുന്നവനു് ഏതെങ്കിലും ആനുകൂല്യം കൊടുക്കണം. മലബാറിലും കൊച്ചിയിലും സ്ഥിരാവകാശം കിട്ടാത്തവരായി വാരക്കാർ മാത്രമേ വരികയുള്ളൂ, അവർക്കും അൽപ്പമായുമായ ഭൂമി കൈവശം വച്ചുകൊണ്ടിരിക്കാൻ അവകാശം കൊടുക്കണം. അവരെ സംബന്ധിച്ചിടത്തോളം പകുതി ഭൂമി പാട്ടത്തിനുടയായിരിക്കുകയോ അല്ലെങ്കിൽ ഞാൻ മുമ്പു പറഞ്ഞതുപോലെ ബഹു:മന്ത്രിയുടെ ഭേദഗതിയനുസരിച്ചു് കൺവെർട്ടു് റെന്റിന്റെ 12 ഇരട്ടി കാമ്പൻസേഷൻ കൊടുത്തു വാങ്ങുകയോ ചെയ്യാം. അതേസമയത്തുതന്നെ പ്രതിപക്ഷത്തുള്ള ചില സുഹൃത്തുക്കളും ഭേദഗതി

LIBRARY ARCHIVES Kerala Legislative Assembly

നിലനിറുത്തായിട്ടു ബാക്കി ഒഴിപ്പിച്ചെടുക്കുന്നതിനുള്ള ചില ഭേദഗതികളും കൊണ്ടുവന്നിട്ടുണ്ട്. അതിനു ശരിയായ രീതിയിൽ ശ്രീ. ബാവാ തന്നെമറുപടി പറയുകയുണ്ടായി. നമ്മുടെ നാട്ടിൽ പലപ്രദേശത്തിലും ചെറുകിട ഭൂവുടമകളും എല്ലാം 5 ഏക്കർ കൈവശം വച്ചുകൊണ്ടിരിക്കുന്നവരല്ല. ശ്രീ. ബാവാ കുന്നത്തുനാടിന്റെ കാര്യം പറഞ്ഞു. അതുപോലെ മദ്ധ്യതിരുവിതാംകൂറിൽ എറ്റുമാനൂർ ചെന്നാലും 5—, 10— പറ നിലമുള്ളവരായിരിക്കും. ശ്രീ. കുഞ്ഞിരാമൻനമ്പ്യാർ പറഞ്ഞതുപോലെ ഇവരെല്ലാം പരമ്പരാഗതമായിജന്മിമാരല്ല. വസ്തുവാണ് ഏറ്റവും നല്ല സമ്പാദ്യമെന്ന നിലയിൽ പണം അതിൽ നിക്ഷേപിച്ചതാണ്. നമ്മുടെ രാജ്യത്തെ ഭൂമിയുടെ കണക്കുനോക്കിയാൽ ഒരേക്കറിൽ കുറഞ്ഞ ഹോൾഡിംഗാണ് അധികവും ഉള്ളതെന്നുകാണാം. അപ്പോൾ ഒരേക്കർ കൂടിയാൽനേരുകയില്ല നിറുത്തണമെന്നു പറഞ്ഞാൽ ചെറുകിട ഭൂവുടമകൾക്ക് ഒന്നും കൊടുക്കാതിരിക്കുകയാണ്ഫലം. എത്ര ചെറിയ ഹോൾഡിംഗായാലും പകുതി പകുതി എടുക്കുക എന്നുള്ളതാണ് നീതി. അതുകൊണ്ട് അർക്കും വളരെ ഉണ്ടാകുകയില്ല. ചെറുകിട ഭൂവുടമകൾക്ക് ഈ പ്രശ്നത്തിൽ വളരെ ഉൽക്കണ്ഠ ഉണ്ടായിരുന്നു. അവരുടെകാര്യം വളരെ പരുങ്ങലിലാകുമെന്ന് ഭയപ്പെട്ടിരുന്നു. ഗവണ്മെൻറ് അവർക്കൊക്കെ കാമ്പൻസേഷൻ കൊടുക്കണം; അതിനുവേറേറ എംപ്ലോയിമെൻറ് കൊടുക്കണം' ഹീഹാബിലിറേറഷൻ ചെയ്യണം എന്നൊക്കെ പറഞ്ഞാൽ അതു നല്ല മുദ്രാവാക്യങ്ങളാണെന്നു സമ്മതിക്കാം. നമ്മുടെരാജ്യത്തെ സ്ഥിതി പരിശോധിച്ചാൽ കൺഗ്രസുകാർ തരിച്ചാലും കമ്മ്യൂണിസ്റ്റുകാർ തരിച്ചാലും അതൊന്നും സാധ്യമല്ലാത്ത കാര്യമാണെന്നു യുക്തിബോധത്തോടുകൂടി ചിന്തിക്കുന്നവർക്കു മനസിലാക്കാൻ കഴിയും. ആ കാര്യങ്ങളും പറയുന്നതു് എല്ലാവരെയും സംതൃപ്തിപ്പെടുത്താൻ പ്രസംഗത്തിനു കൊള്ളാമെന്നതാണ്. നമ്മുടെ രാജ്യത്തെ സാമ്പത്തിക സ്ഥിതിഗതികളും മറ്റും കണക്കിലെടുത്തു പ്രായോഗികമാക്കാൻ കഴിയുന്ന കാര്യമല്ലെന്നു് എല്ലാവർക്കും അറിയാം. യാഥാർത്ഥ്യങ്ങളും കണക്കിലെടുത്തു് ചെറുകിട ഭൂവുടമകൾക്കു് സംരക്ഷണം നൽകുന്നതിനു് റവന്യൂ മന്ത്രി അവതരിപ്പിച്ചിട്ടുള്ളതിൽ ഭേദമായി ഒരാറാറ നിർദ്ദേശവും ഇവിടെ വരുകയുണ്ടായില്ല. ഒരേക്കർ ഭൂമി കൃഷിക്കാരന്റെ കയ്യിൽ നിറുത്തിയാൽ, ഒരേക്കറും അതിനു താഴെയുമുള്ള ഭൂവുടമകളും തെരുവുതെണ്ടികളാകും. തിരുവിതാംകൂർഭാഗത്തായാലും, കൊച്ചി ഭാഗത്തായാലും പ്രത്യേക അവകാശം കിട്ടിയിട്ടില്ലാത്ത കൃഷിക്കാരെയും ഭൂവുടമകളേയും പ്രത്യേകതരത്തിൽ കണക്കിലെടുത്തു് റവന്യൂമന്ത്രിയുടെ ഭേദഗതി അംഗീകരിക്കയാണെങ്കിൽ അൽപ്പസ്വല്പം ക്ലേശം വരുമെങ്കിലും ആവശ്യമായ സംരക്ഷണം എല്ലാവർക്കും ലഭിക്കും. ഇതിൽ കൂടുതൽ ഭേദമായ നിലയിൽ ഒരാറാറഭേദഗതിയും ഇവിടെ വന്നിട്ടില്ല.

ശ്രീ. കെ. കെ. വിശ്വനാഥൻ: ചെറുകിട ഭൂവുടമകൾക്കും കുടിയാന്മാർക്കും ഒരുപോലെ സംരക്ഷണം നൽകുമാണെന്നു പറഞ്ഞു. അങ്ങിനെയാണെങ്കിൽ ടെനൻസി ഇടരേണ്ട ആവശ്യം ഉടനെ കഴിക്കാൻ കഴികയില്ലേ?.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: ഭേദഗതികളും ശരിയായി പഠിച്ചിരുന്നെങ്കിൽ സംശയം തീർന്നേനെ. ഇപ്പോഴുള്ള രീതിയിലാണെങ്കിൽ പകുതി സ്ഥലം പർച്ചേസ് ചെയ്യുന്നതിനുള്ള അവകാശം സൗകര്യമുള്ളപ്പോൾ ഉപയോഗപ്പെടുത്തുവാൻ കഴിയും.

ശ്രീ. കെ. കെ. വിശ്വനാഥൻ: ഫിക്സിറി കിട്ടാത്ത ആളുകളെ സംബന്ധിച്ചിടത്തോളം ടെനൻസി കണ്ടിനു ചെയ്യണമെന്നു പറഞ്ഞാൽ അങ്ങനെ ടെനൻസി കണ്ടിനു ചെയ്യണമെന്നായിരിക്കയില്ലേ സാമാംഹോൾഡേഴ്സ് പറയുക?

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: നമ്മുടെ നാട്ടിലെ സ്ഥിതിഗതികളും മനസിലാക്കാത്തതുകൊണ്ടാണ് അങ്ങനെ വിചാരിക്കുന്നതു്. കണ്ടിനു ചെയ്യുന്നതിനുള്ള അപ്ഷൻ ആരെങ്കിലും ഒന്നരണ്ടുകൊല്ലം എടുക്കുമെന്നല്ലാതെ ഇവ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഇ.ഇ. ചന്ദ്രശേഖരൻ നായർ]

നിയമം ആദിയും അന്തവുമില്ലാതെ എന്നും ഉണ്ടായിരിക്കുമെന്ന് ആരും വിചാരിക്കുകയില്ല. അങ്ങോട്ടും ഇങ്ങോട്ടും കിട്ടാനുള്ളതു് അപ്പോഴപ്പോൾ തീർത്തുകൊള്ളും.

ശ്രീ. കെ. കെ. വിശ്വനാഥൻ: അങ്ങനെയാണെങ്കിൽ റൊക്കം "ആഫ്" റിസംക്ഷനെപ്പറ്റി എന്താണ് അഭിപ്രായം?

ശ്രീ. ഇ.ഇ. ചന്ദ്രശേഖരൻനായർ: അതു് അവർക്ക് കിട്ടാനുള്ള വരുമാനത്തെ വളരെ അധികം കർഷകരിൽനിന്നു ചെയ്യുന്നതാണ്. ഇന്നാർക്കുതന്നെ കൊടുത്തേക്കുകയുള്ളു എന്നുവരും.

ശ്രീ. സി. എച്ച്. കണാരൻ: ചെറുകിട ഭൂവുടമസ്ഥന്മാരുടെ പ്രശ്നം വളരെ പ്രധാനപ്പെട്ടതാണ്. ഈ കാര്യത്തെ സംബന്ധിച്ച് പല സന്ദർഭങ്ങളിലും ചർച്ച നടന്നിട്ടുണ്ട്. ഇന്നു് നമുടെ മുമ്പാകെ നിൽക്കുന്ന സപ്ലിമെൻറ് ഒന്നാം ലിസ്റ്റിൽ മിനിസ്റ്റർ കൊണ്ടുവന്നിട്ടുള്ള അമൻറഡ് ക്ലാസ് പരിശോധിച്ചുകൊണ്ടാണ് എവിടെയാണ് നാം നിൽക്കേണ്ടതെന്നുള്ള അഭിപ്രായം ഞാൻ പറയുന്നതു്. മുമ്പു് ഉണ്ടായിരുന്നതിൽനിന്നും പല വ്യത്യാസങ്ങളും വരുത്തിക്കൊണ്ടാണ് ആ ഭേദഗതി നിൽക്കുന്നതു്. പ്രധാനമായിട്ടും ചെറുകിട കൃഷിക്കാരെയെ സംബന്ധിച്ചു എത്രത്തോളം അനുകൂല്യം വിട്ടുവീഴ്ച ചെയ്യാൻ സാധിക്കുമെന്നുള്ള പരിശോധനയിൽ കേരളം ഒട്ടാകെ നോക്കണക്കാക്കണം. എല്ലാസ്ഥലത്തും പകുതിപകുതിയായി മാറണമെന്നു പറയുന്നവർ പോലും പലപ്പോഴും ആ സമതലത്തിൽ നിൽക്കുന്നില്ലെന്നു കാണാൻകഴിയും. ഒഴിപ്പിക്കൽ അവകാശം വരുമ്പോൾ ചിലപ്പോഴെല്ലാം ഈ അഭിപ്രായമുള്ളവർ കാണക്കാർ ചില അവകാശങ്ങൾ സമ്പാദിച്ചതാണെന്നു മുറുകെ പിടിക്കുന്നതുകാണാം. മുമ്പു സമ്പാദിച്ച ചില അവകാശങ്ങൾ പരിഗണിക്കണമെന്നുള്ള ന്യായമായ അവകാശം പുറപ്പെടുവിക്കുന്നതുപോലെ ഇതിലും ചില അവകാശങ്ങൾ സമ്പാദിച്ചതു ന്യായമായി പരിഗണിക്കണമെന്നു വരും. എല്ലാവരേയും ഒരുപോലെ കാണണമെന്നെല്ലാം പറയുന്നതു് യഥാർത്ഥത്തിൽ ചിലതു മനസ്സിൽ വച്ചുകൊണ്ടാണ്. ഇതിൽകിട്ടിയിട്ടുള്ള ചില അവകാശങ്ങളുണ്ട്. അതു നഷ്ടപ്പെടുത്തണമോ വേണ്ടയോഎന്നുള്ള ചോദ്യം വളരെ പ്രധാനമായി എല്ലാവരുടെയും മുമ്പിൽ നിൽക്കുന്നുണ്ട്. മലബാർ ടെനൻസി ആക്ട് അനുസരിച്ചും, കൊച്ചിയിലുള്ള സ്ഥിരാവകാശനിയമം അനുസരിച്ചും, ഇതുപോലെയുള്ള അവകാശങ്ങൾ കിട്ടിക്കഴിഞ്ഞ കുടിയാന്മാരെ സംബന്ധിച്ചിടത്തോളം പ്രത്യേകമായരീതിയിൽ കാണാതെ സ്ഥിരാവകാശം കിട്ടാത്തതിനേയും കിട്ടിയതിനേയും ഒരുപോലെ കണക്കാക്കി ഒരു തീരുമാനം എടുക്കുകയാണെങ്കിൽ ഈ കാർഷിക പരിഷ്കരണം വലിയ ദ്രോഹമാണ് ചെയ്യുന്നതെന്നു് മനസിലാക്കണം. കാമ്പൻസേഷൻ ഫോർ ടെനൻസി ഇംപ്രൂവ്മെൻറ് ആക്ട് പ്രകാരം ജന്മിക്കും കുടിയാനും വീതിക്കുന്നതു പരിശോധിച്ചാൽ അതു കാണാൻകഴിയും. അതു കണക്കിലെടുത്തുവേണം തീരുമാനിക്കാൻ. ഒടുവിൽ മന്ത്രി കൊണ്ടുവന്ന അമെൻഡുമെൻറ് പ്രകാരം, സ്ഥിരാവകാശം കിട്ടിയതും കിട്ടാത്തതുമായ കുടിയാന്മാർ മാത്രമേ ഉള്ളു. സ്ഥിരാവകാശം കിട്ടിയ കുടിയാന്മാർ ചിലസ്ഥലത്താണുള്ളതെന്നു നമുക്കറിയാം. ഇവിടെയും സ്ഥിരാവകാശം കിട്ടിയിട്ടുള്ള കുടിയാന്മാർ ഉണ്ടാകുമെന്നാണ് എനിക്കു തോന്നുന്നതു്.

12 Noon.

എതായിരുന്നാലും, സ്ഥിരാവകാശം കിട്ടിയിട്ടില്ലാത്ത കുടിയാന്മാർ പകുതിവസ്തു ചെറുകിട കർഷകനു് ഒഴിഞ്ഞുകൊടുക്കുന്നപക്ഷം, ബാക്കിയുള്ള പകുതിവസ്തു യാതൊരുബാധ്യതയുമില്ലാതെ കുടിയാനു ലഭിക്കുന്നതാണ്. അതു നടപടി വളരെ ശരിയായിട്ടുള്ളതാണ്. മലബാറിനെസംബന്ധിച്ചിടത്തോളം കുടിയാന്മാർക്കു സ്ഥിരാവകാശം ഉണ്ടെന്നുമാത്രമല്ല, പാട്ടത്തെസംബന്ധിച്ചും അവർക്കു സ്ഥിരാവകാശം കിട്ടിയിട്ടുണ്ട്. ശ്രീ. രാഘവമേനോൻ എന്തുതന്നെ പറഞ്ഞാലും ഇന്നു ലഭിച്ചുകൊണ്ടിരിക്കുന്ന ഒരവകാശം മലബാറിലുള്ള ഒരു കുടിയാനു നഷ്ടപ്പെടുണമെന്നു പറയുന്നതിനോടു യോജിക്കുവാൻ എനിക്കു നിവൃത്തിയില്ല. അതു

LIBRARY ARCHIVES Kerala Legislative Assembly

കുടിയാൻ പാട്ടത്തെ സംബന്ധിച്ചിടത്തോളം 25 ശതമാനംമാത്രമേ കുറവു ചെയ്യപ്പെടുകയുള്ളു എന്നു പറഞ്ഞാൽ ഈ നിയമംകൊണ്ടു മലബാറിലെ കുടിയാന്മാർക്കു വലിയ പ്രയോജനമില്ലാതെവരും. മുതുക്കം ചിലസ്ഥലങ്ങളിൽ, ചിലവ്യത്യാസം വന്നേക്കാം. മലബാറിനെസംബന്ധിച്ചു് പറയുകയാണെങ്കിൽ അവിടെ നൂറുകണക്കിനും ആയിരക്കണക്കിനും ഏക്കർ ഭൂമി കൈവശമുള്ള മദ്ധ്യവർത്തികളുണ്ടു്. ഈ മദ്ധ്യവർത്തികളിൽ നിന്നാണു കുടിയാന്മാർ വെറും പാട്ടത്തിനു ഭൂമി എടുക്കുന്നതു്. ഇന്നത്തെനിലയിൽ അവർക്കു വലിയ ഒരു തുക പാട്ടം കൊടുക്കേണ്ടതായിട്ടുണ്ടു്. ചെറുകിട ഭൂമി ഉടമസ്ഥന്റെ കീഴിലുള്ള വസ്തുക്കൾക്കു 25 ശതമാനം പാട്ടം കുറച്ചുകൊടുത്താൽ മതിയാകും. അവിടെയുള്ള ചില ജന്മിമാരോടു ഞാൻ ചോദിച്ചപ്പോൾ, മദ്ധ്യവർത്തികളിൽനിന്നും വെറും പാട്ടക്കാരെ അകറ്റിനിറുത്തി ജന്മിയും കുടിയാനും വേർപെട്ടു പാട്ടംകൊടുക്കൽവാങ്ങൽ നടത്തുന്നതിനും 25 ശതമാനം കുറച്ചു പാട്ടം കൊടുക്കുന്നതിനും വിരോധമില്ലെന്നു ചിലരും എന്നോടു പറയുകയുണ്ടായി.

ഇവിടെ ജന്മിത്വം അവസാനിപ്പിക്കാത്തതിനെപ്പറ്റി പലരും പരാതിപ്പെടുന്നതായി കേട്ടു. ''എന്തുകൊണ്ടു ജന്മിത്വം ഉടനടി അവസാനിപ്പിക്കുന്നില്ല'' എന്നാണവർ ചോദിക്കുന്നതു്. മലബാറിലെ ജന്മിമാർ ന്യായമായ വിലകിട്ടിയാൽ ജന്മിത്വം ഉപേക്ഷിക്കുവാൻ തയ്യാറാണെന്നു സമ്മതിച്ചിട്ടുണ്ടു്. പക്ഷേ മാർക്കറ്റുവില കിട്ടണമെന്നേയുള്ളു. ചെറുകിട കൃഷിക്കാർക്കു ന്യായമായി കിട്ടാനർഹതയുള്ള മുഴുവനവകാശങ്ങളും കിട്ടാനുള്ള വകുപ്പാണു് ഇതു്. രേഖയിൽ ഈ രാജ്യത്തെ ജന്മിയും കുടിയാനും തമ്മിലുള്ള സർവ്വബന്ധങ്ങളും ഒരു നിയമംകൊണ്ടു് അവസാനിക്കുവാൻ സാധിച്ചില്ലെങ്കിൽ അതിൽ വലിയ തെറ്റുണ്ടെന്നു തോന്നുന്നില്ല. നമുക്കു സ്വാതന്ത്ര്യം കിട്ടിയിട്ടു പന്ത്രണ്ടു കൊല്ലമായി. ഈ പന്ത്രണ്ടുകൊല്ലത്തിനുള്ളിൽ ഇത്തരത്തിലുള്ള ഒരു നിയമംപോലും ഇവിടെ കൊണ്ടുവരുവാൻ സാധിക്കാത്ത കക്ഷികൾ ഇപ്പോൾ ഉടനടി ജന്മിത്വം അവസാനിക്കുന്നില്ല എന്നുപറഞ്ഞു വിലപിക്കുന്നതിൽ വലിയ അർത്ഥമില്ല. സ്ഥിരാവകാശം കിട്ടിയിട്ടുള്ള കുടിയാന്മാരെസംബന്ധിച്ചിടത്തോളം ഭൂമി വാങ്ങുവാനുള്ള വ്യവസ്ഥ വച്ചിട്ടുണ്ടു്. ആ വ്യവസ്ഥയനുസരിച്ചു് അതു വാങ്ങിക്കേണ്ടതുണ്ടെന്നല്ലാതെ അതിൽ കൂടുതലൊന്നുമില്ലങ്ങനെ ഇപ്പോൾ ചെയ്യുന്നതു ശരിയല്ല. രണ്ടുകൂട്ടരുടെയും താല്പര്യങ്ങൾ നാം കണക്കിലെടുക്കണം. സ്ഥിരാവകാശം കിട്ടാത്ത കുടിയാന്മാർ തിരുവിതാംകൂറിൽ മാത്രമല്ല ഉള്ളതു്, മലബാറിലും ഉണ്ടു്. അതുകൊണ്ടു് ഇപ്പോൾ ഭേദഗതി ചെയ്തു ശുപത്തിൽ വന്നിട്ടുള്ള ഈ വകുപ്പു് സ്ഥിരാവകാശം ലഭിക്കാത്ത എല്ലാ കുടിയാന്മാരേയും ഒരുപോലെ ബാധിക്കുന്നതാണു്. അങ്ങനെ സ്ഥിരാവകാശം ലഭിക്കാത്ത കുടിയാന്മാർക്കു പകുതി വസ്തുവിൽ സ്ഥിരാവകാശം ഇപ്പോൾ ലഭിക്കുന്നുണ്ടെന്നു സമാധാനപ്പെടാവുന്നതാണു്. ഇക്കാര്യത്തിൽ ഒരു മിതവാദിത്വം അംഗീകരിച്ചാൽ ഈ രാജ്യത്തു് ഒന്നും നടക്കാതെ പോകും. ഒന്നും നടക്കാതിരിക്കുന്നതിൽ ഭേദം ചില കാര്യങ്ങളെങ്കിലും കൊണ്ടുവന്നു നടപ്പിലാക്കുകയാണല്ലോ. അല്ലാതെ വിപ്ലവം എന്നു പറഞ്ഞു് എന്തെങ്കിലും ആലോചിക്കുക, ഒടുവിൽ ഒന്നും നടപ്പിലാകാതെവരിക എന്ന ഒരു നിലയുണ്ടാകാതിരിക്കുവാൻ ശ്രമിക്കേണ്ടതാണു്. നടപ്പിൽവരുത്താവുന്ന വ്യവസ്ഥകൾ വരുത്തുവാൻ നോക്കണം. ആ നിലയിൽ കുടിയാനു കിട്ടാവുന്നതു കിട്ടട്ടെ എന്നു കരുതുകയാണു് വേണ്ടതു്. ഇന്നു് ഈ രാജ്യത്തെ വൻകിട ജന്മിമാരെ നാം അവസാനിപ്പിക്കുകയാണു്. നേരെമറിച്ചു് ജന്മിയും ചെറുകിട കുടിയാനും തമ്മിലുള്ള ബന്ധത്തെപ്പറ്റിയാണു് നാം കാര്യമായി ചിന്തിക്കേണ്ടതു്. കഴിയുന്നിടത്തോളം സൗഹൃദപരമായ ഒരു മനോഭാവം പുലർത്തികൊണ്ടു് ഇരുകൂട്ടരുടെയും താല്പര്യങ്ങൾക്കു് ഭംഗം തട്ടാതിരിക്കണമെന്നുള്ള പ്രായോഗികമായ ആ തത്വത്തോടു നമുക്കെല്ലാവർക്കും യോജിച്ചു് ആ സമീപനത്തോടുകൂടി ഈ വകുപ്പു നാം അംഗീകരിക്കേണ്ടതാണു്.

ഇതോടൊപ്പം ഈ വകുപ്പിലെ രണ്ടു (ബി) യിൽ ഏകോപനേക്ഷനിൽ കൊടുത്തിട്ടുള്ള ആ ഭാഗത്തിനു് ഒരു ചെറിയ ഭേദഗതി ഉണ്ടാക്കുന്നില്ലെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. സി. എച്ച്. കണാരൻ]

വിഷമംവരുമെന്നാണ് എന്റെ അഭിപ്രായം. അവിടെ പാടുന്നതു്, റിന്യൂവൽ ഫീസ് കൊടുത്തിട്ടുള്ള കുടിയാന്മാരെസംബന്ധിച്ചാണ്. എന്നാൽ മലബാറിൽ റിന്യൂവൽ ഫീസു് കൊടുത്തിട്ടില്ലാത്ത കുടിയാന്മാരിൽ സ്ഥിരാവകാശം ഉള്ളവരുണ്ടു്. എക്സ്പ്ലനേഷനിൽ, റിന്യൂവൽ ഫീസു കൊടുത്തിട്ടുള്ളതിനെസംബന്ധിച്ചിടത്തോളം മാത്രമേ സ്ഥിരാവകാശമുള്ളവരായി കണക്കാക്കപ്പെട്ടിട്ടുള്ളു. അങ്ങനെ കണക്കാക്കാതെ, ഏതെങ്കിലും നിയമപ്രകാരം സ്ഥിരാവകാശം കിട്ടിയിട്ടുള്ള കുടിയാന്മാരെ എല്ലാവരെയും കൂടി ഉൾപ്പെടുത്തത്തക്കവണ്ണം ഈ എക്സ്പ്ലനേഷൻ മാറ്റി എഴുതണമെന്നാണെന്റെ അഭിപ്രായം.

ശ്രീ. ഇ. പി. ഗോപാലൻ: സർ, 15-ാമത്തെ വകുപ്പിനെ ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഭേദഗതികളോടു് ഞാൻ യോജിക്കുകയാണു്. ഒരു സംഗതിയെക്കുറിച്ചു മാത്രമേ ഇപ്പോൾ സംസാരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നുള്ളു. ആ ഭേദഗതികളിൽ പ്രദേശങ്ങളെ സംബന്ധിച്ചല്ലാ, നിലവിലുള്ള അവകാശങ്ങളെ സംബന്ധിച്ചാണു് പ്രതിപാദിച്ചിരിക്കുന്നതു്. അങ്ങനെയാണു് വേണ്ടതു്. മുമ്പു് മലബാർ കൊച്ചി പ്രദേശത്തേയും, തിരുവിതാംകൂർ പ്രദേശത്തേയും വേർതിരിച്ചുകൊണ്ടായിരുന്ന ഭേദഗതി കൊണ്ടുവന്നതു്. എന്നാൽ ഒരു നിയമനിർമ്മാണത്തിൽ ഇപ്രകാരം പ്രദേശങ്ങളെ വേർതിരിച്ചുകൊണ്ടുള്ള പ്രതിപാദനം ഭംഗിയായിരിക്കുകയില്ല അതുകൊണ്ടു് ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന ഭേദഗതി കുറെക്കൂടി ഉചിതമായിത്തീർന്നിട്ടുണ്ടു്. പിന്നേയും എതിർപ്പു വരുമ്പോൾ അതു കണക്കിലെടുക്കണമെന്നില്ല.

Mr. Speaker: Just a few seconds. Those who want to speak upon Clause 15 will have to finish their speeches today. Only the Leader of the Opposition, if he wishes to take part in debate, and the hon. Minister in charge of the Bill will be allowed to speak upon this clause on Monday.

ശ്രീ. മാലേത്തു ഗോപിനാഥപിള്ള: സർ, ഇതു് പ്രധാനപ്പെട്ട ഒരു വകുപ്പാണു് ഇതിനെക്കുറിച്ചുള്ള ഡിസ്കഷനു് കുറെക്കൂടി സമയം അനുവദിച്ചാൽ കൊള്ളാം.

മി. സ്പീക്കർ: ധാരാളം സമയം അനുവദിച്ചുകഴിഞ്ഞു. അതുകൊണ്ടു് അല്പം ഒരു നിയന്ത്രണം ആവശ്യമായിട്ടുണ്ടു്. Sufficient discussion has taken place.

ശ്രീ. ഇ. പി. ഗോപാലൻ: ഭൂനയത്തെപ്പറ്റിയും, കാർഷികബന്ധത്തെപ്പറ്റിയും നാം സമഗ്രമായ ഒരു നിയമനിർമ്മാണം നടത്തുമ്പോൾ സങ്കീർണ്ണങ്ങളായ പല പ്രശ്നങ്ങളും ഉരുത്തിരിക്കുന്നുണ്ടു്. പക്ഷേ, ഈ നിയമനിർമ്മാണത്തിന്റെ ചരിത്രം പരിശോധിച്ചാൽ ചില വസ്തുതകൾ വളരെ വ്യക്തമായി നമുക്കു തെളിഞ്ഞുകാണാം. മലബാർ ടെനൻസി ആക്ടിന്റെ ചരിത്രം തന്നെ പരിശോധിക്കുകയാണെങ്കിൽ, ഇവിടെ അവതരിപ്പിച്ചു് പാസാക്കിയിട്ടുള്ള ജന്മിക്കരം അബോളിഷൻ ബില്ലിലെ തത്പരന്മാരിച്ചു് കാണക്കാർ ജന്മിമാർക്കു കൊടുക്കുന്ന കരത്തിന്റെ അടിസ്ഥാനത്തിൽ പ്രതിഫലം കണക്കാക്കി ജന്മിത്തം അവസാനിപ്പിക്കണമെന്നു പറയുന്നു. മലബാറിലെ കാണക്കാരുടെ നില ഇത്രത്തോളമെത്തിയിട്ടില്ല. മലബാറിലെ കാണക്കാർക്കു് 1929-ലാണു് സ്ഥിരാവകാശം കിട്ടിയിട്ടുള്ളതു്. അതിനുമുമ്പു് കാണക്കാർക്കപോലും വസ്തുവിൽ യാതൊരു സ്ഥിരാവകാശവും ഉണ്ടായിരുന്നില്ല. ഒരു സൂപ്രഭാതത്തിൽ ജന്മി ഒരു കാണവസ്തു മേൽച്ചാർത്തു് എഴുതിക്കൊടുത്തുകഴിഞ്ഞാൽ അതിനുമുമ്പു് കൈവശം വച്ചു് അനുഭവിച്ചുകൊണ്ടിരുന്ന കാണക്കാർക്കു് ആ വസ്തുവിന്മേൽ യാതൊരധികാരവുമുണ്ടായിരുന്നില്ല. 1929-ലെ ഈ ടെനൻസി ആക്ടിൽ മലബാറിലെ വെറും പാട്ടക്കാരെ സംബന്ധിച്ചിടത്തോളം അവരുടെ സ്ഥിരാവകാശത്തെ സംബന്ധിച്ചും, മര്യാദപ്പാട്ടത്തെ സംബന്ധിച്ചും ഒരു

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പുകൂടി ഉൾപ്പെടുത്തിയിരുന്നു. പക്ഷേ, ആ വകുപ്പ് 12 കൊല്ലം കഴിഞ്ഞേ നടപ്പിൽ വരുകയുള്ളു എന്നായിരുന്നു വ്യവസ്ഥ. 12 കൊല്ലം കഴിഞ്ഞിട്ട് ഏകകണ്ഠമായി വരുന്ന ആ വകുപ്പിൽ വെറും പാട്ടക്കാർ കൊടുക്കേണ്ടതായ മര്യാദപ്പാട്ടം അറുപതുവിഹിതം കണക്കാക്കി, അതിൽനിന്നും വിത്തിന്റെ രണ്ടര ഇരട്ടി കൃഷിച്ചെലവ് തള്ളി ബാക്കിയുള്ളതിന്റെ മൂന്നിലൊന്നു കൂടിയാണും, മൂന്നിൽ രണ്ട് ജന്മിയ്ക്കും എന്നായിരുന്നു. എന്നാൽ 1954-ലെ ആക്ടുപ്രകാരം വന്നപ്പോൾ ആ തോതു് മാറ്റിക്കഴിഞ്ഞു. അന്നു ചെയ്ത വ്യവസ്ഥ കൂടിയാണു കൂടുതൽ ഗുണകരമായിട്ടുള്ളതാകുന്നു. ഈ മാറ്റം എങ്ങനെ കൊണ്ടുവന്നു? കൃഷിക്കാരുടെ നിരന്തരമായുള്ള പ്രക്ഷോഭണത്തിന്റെ ഫലമായിട്ടാണു് ഈ മാറ്റമുണ്ടായതു്. മലബാറിലെ കാണക്കുടിയാന്മാർ നടത്തിയ പ്രക്ഷോഭണത്തിന്റെ ചരിത്രം ഒന്നു പരിശോധിച്ചുനോക്കിയാൽ ഈ വസ്തുത വെളിവാകുന്നതാണു്. ഈ നിലയിൽ ഇന്നു കാണക്കാർക്കു കിട്ടിയിട്ടുള്ള നേട്ടങ്ങൾ നിസ്സാരമായി തള്ളാവുന്നതല്ലെന്നു് നാം മനസിലാക്കണം. അതുകൊണ്ടാണു് സ്ഥിരാവകാശം കിട്ടിയിട്ടുള്ള കൃഷിക്കാരുടെ കാര്യത്തിൽ ഒരു പ്രത്യേകത വേണമെന്നു് പറയുന്നതു്. അതു് ചെറുകിട ജന്മിമാരുടെ കാര്യത്തിലായാൽപോലും നിഷേധിക്കാൻ പാടില്ലാത്ത ഒരവസ്ഥയാണു്.

അതുകൊണ്ടാണു് സ്ഥിരാവകാശം കിട്ടിയിട്ടുള്ള പ്രദേശത്തെ കൃഷിക്കാരുടെ കാര്യത്തിൽ ഒരു പ്രത്യേക പരിഗണന വേണമെന്ന തത്വം അംഗീകരിക്കുന്നതു്. അതു് ചെറുകിട ഭൂഉടമസ്ഥരുടെ കാര്യത്തിലായാൽപോലും നിഷേധിക്കുവാൻ വയ്യാത്ത കാര്യമാണു്. ചെറുകിടക്കാരായ ഭൂവുടമകളുടെ രക്ഷയെക്കുറിച്ചു പറയുമ്പോൾ, കർഷകർ ഇതുവരെ നേടിയിട്ടുള്ള അവകാശങ്ങളെ അതു് എത്രത്തോളം ബാധിക്കും എന്നു പരിശോധിച്ചില്ലാതെ അക്കാര്യത്തിൽ ഒരു തീരുമാനം ചെയ്യുവാൻ സാധ്യമല്ല. ഇന്നു് കേരളാടിസ്ഥാനത്തിൽ നോക്കുകയാണെങ്കിൽ ചില പ്രശ്നങ്ങളിൽ ചില പ്രദേശത്തു് ചില പ്രത്യേക പരിഗണന നൽകിയിട്ടുണ്ടു്. ആ പ്രത്യേക പരിഗണന എങ്ങനെ വന്നു എന്നുള്ളതു് മനസിലാക്കാതെയാണു് മി. വിശ്വനാഥൻ ഇവിടെ പ്രസ്താവിച്ചതു്. വളരെ സമരം ചെയ്തതിന്റെ ഫലമായിട്ടാണു് ചില അവകാശങ്ങളും ഇന്നു് ചില കൃഷിക്കാർക്കു് കിട്ടിയിട്ടുള്ളതു്.

ശ്രീ. കെ. കെ. വിശ്വനാഥൻ: തിരുവിതാംകൂറിലുള്ള കർഷകർ സമരം നടത്താതിരുന്നതുകൊണ്ടാണോ അവരുടെ കാര്യം പരിഗണിക്കാത്തതു്?

ശ്രീ. ഇ. പി. ഗോപാലൻ: സമരത്തെക്കുറിച്ചുള്ള ആലോചന വൈകിപോയി. മലബാറിലെ കർഷകർ അവരുടെ അവകാശങ്ങളും സ്ഥാപിച്ചുകിട്ടുന്നതിനുവേണ്ടി ദീർഘമായ ഒരു സമരം നടത്തിയിട്ടുണ്ടെന്നാണു് ഞാൻ പറഞ്ഞതു്. മലബാറിലെ കാര്യം എടുത്തു നോക്കുകയാണെങ്കിൽ 1888-ൽ ആണെന്നു തോന്നുന്നു, ഭൂമിയിന്മേലുള്ള സ്വാധികാരവും ജന്മിക്കാണു് എന്നു പറഞ്ഞു് മദിരാശി ഹൈക്കോടതിയിൽ ഒരു വിധിയുണ്ടായി. ഭൂമിയുടെ പരമാധികാരം ജന്മിയ്ക്കാണെന്നു് വന്നതിനെത്തുടർന്നു് നിരവധി ഒഴിപ്പിക്കൽ നടന്നു. തുടർന്നാണു് ഒട്ടേറെ കർഷകലഹളകളും പൊട്ടിപുറപ്പെട്ടതു്. ദീർഘകാലം സമരം നടത്തിയതിന്റെ ഫലമായിട്ടാണു് 1929-ൽ കുടിയായ്മ നിയമം ഉണ്ടായതു്. ജന്മിയുടെ അവകാശത്തിൽനിന്നു് കാണക്കാരനും, ജന്മിയിൽ നിന്നും കാണക്കാരനിൽ നിന്നും വെറും പാട്ടക്കാരനും അവകാശങ്ങളും പിടിച്ചുപറിയതിന്റെ ചരിത്രമാണു് മലബാറിലെ കർഷികനിയമത്തിന്റെ ചരിത്രം. മര്യാദപ്പാട്ടത്തിന്റെ കാര്യത്തിലായാലും സ്ഥിരാവകാശത്തിന്റെ കാര്യത്തിലായാലും കർഷകർ അവരുടെ അവകാശം നേടിയിട്ടുള്ളതു് ദീർഘകാലത്തെ സമരംകൊണ്ടാണെന്നു കാണുവാൻ കഴിയുന്നതാണു്. ഈ സ്ഥിതിയെല്ലാം പരിഗണിച്ചിട്ടാണു് മലബാറിലെ അല്ലെങ്കിൽ, കൊച്ചിയിലെ കൃഷിക്കാരുടെ അവകാശവും കണക്കിലെടുത്തുകൊണ്ടാണു് ചെറുകിടക്കാരുടെ കാര്യത്തിൽ ചില തീരുമാനങ്ങളിൽ എത്തിയിട്ടുള്ളതു്. മി. രാഘവമേനോൻ പകുതി ഒഴിപ്പിച്ചെടുക്കണം എന്നു പറയുന്നു. അതു സ്വീകരിക്കുകയാണെങ്കിൽ വളരെയേറെ കുഴപ്പമുണ്ടാകും.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഇ. പി ഗോപാലൻ]

മദിരാശിയിൽ നിന്നിരുന്ന കാലത്തുതന്നെ പ്രത്യേകമായ ഒരു സ്ഥിതി മലബാറിനു് ഉണ്ടായിരുന്നുവെന്നും അതു് കണക്കിലെടുത്തിരുന്നുവെന്നും നാം ഓർക്കേണ്ടതുണ്ടു്. ഇന്നു് അവകാശം കിട്ടിയ്ട്ടുള്ള കൃഷിക്കാരുടെ അവകാശം സംരക്ഷിക്കേണ്ടതു് ആവശ്യമാണെന്നു പറയുമ്പോൾ അതു് കക്ഷിപരിഗണന വച്ചുകൊണ്ടാണെന്നുള്ള വാദഗതി ശരിയായിട്ടുള്ളതല്ല. ഈ ഭേദഗതിയിൽ പറഞ്ഞിട്ടുള്ളതുപോലെ പകുതി പകുതി കൊട്ടക്കുകയാണെങ്കിൽ കാണക്കാരന്റെ കീഴിലുള്ള പാട്ടക്കാരനെ സംബന്ധിച്ചിടത്തോളം വിഷമമുണ്ടാകുന്നതാണു്. ഭൂമിയുടെ കീഴിൽ നേരിട്ടുള്ള കൃഷിക്കാരനാണെങ്കിൽ പകുതി കൊട്ടക്കുന്നതിനു് കുഴപ്പമുണ്ടാകുകയില്ല. ഭൂമിയുടെ കീഴിൽ കാണക്കാരനും, കാണക്കാരന്റെ കീഴിൽ വേറൊരു പാട്ടക്കാരനും ഉള്ള കേസുകളിൽ പകുതി പകുതി കൊട്ടക്കുക എന്നു പറഞ്ഞാൽ അതിനു തക്ക സാഹചര്യമുണ്ടാക്കണം.

ശ്രീ കെ. കെ. വിശ്വനാഥൻ: ഇതിൽ കൾട്ടിവേറിംഗ് സെനൻറ് എന്നാണു് പറഞ്ഞിട്ടുള്ളതു്.

ശ്രീ. ഇ. പി. ഗോപാലൻ: ഭൂമി, കാണക്കാരൻ, നടപ്പുകാരൻ ഇത്തരത്തിൽ ഇടത്തട്ടുകാർ ഉള്ള സ്ഥലത്തു് പകുതി പകുതി എടുക്കുക എന്നുവച്ചാൽ കൃഷിക്കാരനു് പകുതിയുടെ പൂർണ്ണമായ അവകാശം ലഭിക്കണമെങ്കിൽ മുഴുവൻ വസ്തുവിന്റെയും ഉടമാവകാശം ഇടത്തട്ടുകാരൻ വാങ്ങേണ്ടതുണ്ടു്. പകുതി പകുതി എന്ന തത്വം ചില സ്ഥലത്തു് പറയുകയില്ല. മി. വിശ്വനാഥനു് ഭൂമി സമ്പ്രദായം അടിപ്പടെ ഈ നിയമംകൊണ്ടു് നിർത്തിക്കളയണമെന്നുണ്ടെന്നു് തോന്നുന്നു. ഈ ആഗ്രഹം എന്നു തുടങ്ങിയതാണെന്നു് എനിക്കു് അറിഞ്ഞുകൂടാ. ഇടത്തട്ടുകാരെ ഇല്ലായ്മ ചെയ്യണമെന്ന ഒരു വാദം വളരെക്കാലമായിട്ടു ഉന്നയിച്ചുവർ അക്കാര്യം സാധിച്ചുകിട്ടാൻ എന്തുചെയ്തു? മി. വിശ്വനാഥനോ, വിശ്വനാഥന്റെ പാർട്ടിക്കാരോ അതിനുവേണ്ടി ഇതുവരെയായൊരു ശ്രമവും ചെയ്തിട്ടില്ല. നിയമനിർമ്മാണത്തിനു് ശ്രമിച്ചിട്ടുള്ളതായി കാണുന്നില്ല.

ശ്രീ. കെ. കെ. വിശ്വനാഥൻ: പരിശ്രമിച്ചിട്ടുണ്ടു്.

ശ്രീ. ഇ. പി. ഗോപാലൻ: ആഗ്രഹമുണ്ടാവാം. നിയമനിർമ്മാണരംഗത്തു് ഒന്നും ചെയ്തതായി കാണുന്നില്ല. ഇടത്തട്ടുകാരെ ഒരടിക്കു് അവസാനിപ്പിക്കുവാൻ കഴിയുമെന്നു തോന്നുന്നില്ല. അവരെ കുറെക്കാലംകൂടി ഇടരാൻ അനുവദിക്കുന്നുണ്ടെങ്കിൽ മി. രാഘവമേനോൻ തുപ്പിപ്പെട്ടം എന്നു് ഞാൻ വിശ്വസിക്കുന്നു. സമചിത്തതയോടുകൂടി പ്രവർത്തിക്കുകയാണെങ്കിൽ ചെറുകിടക്കാരുടെ പ്രശ്നത്തിനു് പരിഹാരമുണ്ടാക്കാമെന്നു തോന്നുന്നു. പല കേസുകളിലും ഒത്തുതീർപ്പു വരുത്തുവാനുള്ള സാദ്ധ്യതകളും ഉണ്ടു്. ഒത്തുതീർപ്പു വരുത്തുവാനുള്ള സാദ്ധ്യതയ്ക്കു് ഒരു വകുപ്പു ആവശ്യം ഉണ്ടോ എന്നു ചോദിച്ചാൽ മറ്റു ക്ലാസുകളുടെ സമ്മർദ്ദംമൂലം ഒത്തുതീർപ്പിൽ വരുവാൻ ആളുകൾ സന്നദ്ധരാകും. പ്രതിപക്ഷത്തുള്ള സുഹൃത്തുക്കൾ പലവിധത്തിലുള്ള അഭിപ്രായമാണു് ഇവിടെ പ്രകടിപ്പിച്ചുകണ്ടതു്. നിയമനിർമ്മാണ കാര്യത്തിൽ ഇങ്ങനെ വിഭിന്നമായിട്ടുള്ള ഒരു നില സ്വീകരിച്ചാൽ വലിയ കഷ്ടമാണു്.

ശ്രീ. കെ. കെ. വിശ്വനാഥൻ: ശ്രീ എൻറിന്റെ മനോഭാവം അങ്ങനെയായതുകൊണ്ടു് ഇങ്ങനെ പറയേണ്ടിവന്നതാണു്.

ശ്രീ. ഇ. പി. ഗോപാലൻ: ചെറുകിട ഭൂമി ഉടമസ്ഥന്മാരുടെയും അവരുടെ കീഴിലുള്ള നടപ്പുകാരുടെയും അവകാശങ്ങളെ സമചിത്തതയോടെ സമീപിച്ചുകൊണ്ടാണിവിടെ നിയമനിർമ്മാണം ചെയ്യുന്നതു്. ഓരോ ഭാഗത്തേയ്ക്കുമുള്ള പിടിവലികളും നീതിയും നീതികേടുമായി ചിത്രീകരിക്കാനുള്ള വാസന ശരിയല്ല. ശ്രീ. രാഘവമേനോന്റെ വാദങ്ങളിൽ അതാണു് നിഴലിക്കുന്നതു്. ചെറുകിടക്കാരെ സംബന്ധിച്ചിടത്തോളം ശ്രീ. വിശ്വനാഥനും, ശ്രീ. ബാവയും ശ്രീ. രാഘവമേനോനും ഓരോ വിധത്തിലുള്ള ഭേദഗതികളാണു് കൊണ്ടുവന്നി

LIBRARY ARCHIVES Kerala Legislative Assembly

രിക്കുന്നു". മി. വിശ്വനാഥൻ പറയുന്നു, ഒരേക്കറെങ്കിലും നിലനിർത്തി ബാക്കിയുള്ളതു് ഒഴിപ്പിക്കാമെന്നു്. ഒരു മെംബർ പറയുന്നു, രണ്ടേക്കർവരെയുള്ളതു നിലനിർത്തി ബാക്കിയുള്ളതു് ഒഴിപ്പിക്കാമെന്നു്. അതെക്കർവരെയുള്ളതു മുഴുവനും ഒഴിപ്പിച്ചെടുക്കണമെന്നു് മറെറാരു അഭിപ്രായം. എങ്ങനെയായാലും ഇതെല്ലാം ഒന്നു ശരിപ്പെടുത്തണമെന്നു് മി. രാഘവമേനോൻ പറയുന്നു. ഇതിനെ സംബന്ധിച്ചിടത്തോളം ഏകകണ്ഠമായിട്ടുള്ള ഒരു അഭിപ്രായം ആ ഭാഗത്തുനിന്നുണ്ടായിട്ടില്ല.

ശ്രീ. കെ. കെ. വിശ്വനാഥൻ: ഇവിടെനിന്നു് ഏകകണ്ഠമായി പറയുന്ന അഭിപ്രായം സ്വീകരിക്കുമോ?

ശ്രീ. ഇ. പി. ഗോപാലൻ: ഏകകണ്ഠമായിട്ടുള്ള ഒരഭിപ്രായം ആ ഭാഗത്തു് ഉണ്ടായിട്ടില്ല.

ശ്രീ. കെ. കെ. വിശ്വനാഥൻ: ഇവിടെ അങ്ങനെയൊരു അഭിപ്രായം ഉണ്ടാകാത്ത കാര്യം പറയേണ്ട. ഏകകണ്ഠമായിട്ടു് ഒരഭിപ്രായം ഉണ്ടായാൽ അതു് സ്വീകരിക്കുമോ?

ശ്രീ. സി. അച്യുതമേനോൻ: ഈ ഭാഗത്തു് ഏകകണ്ഠമായിട്ടുള്ള അഭിപ്രായം ഉള്ളതു് അവിടെയും സ്വീകരിക്കുവാൻ തയ്യാറാണോ?

ശ്രീ. ഇ. പി. ഗോപാലൻ: പ്രതിപക്ഷനേതാവു പറഞ്ഞതായ അഭിപ്രായം മി. വിശ്വനാഥൻ കേൾക്കായ്കയല്ല. തങ്ങളുടെ പാർട്ടിയിൽപെട്ട മെമ്പറന്മാർക്കു് സ്വന്തമായി അഭിപ്രായം പറയുവാനുള്ള സ്വാതന്ത്ര്യം അനുവദിച്ചിട്ടുണ്ടെന്നു് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവു പറയുന്നു. അതുകൊണ്ടുതന്നെ നിങ്ങൾക്കു് വിവിധാഭിപ്രായങ്ങളും ഉണ്ടെന്നു് വെളിവാകുന്നു.

ശ്രീ. മാടശ്ശേരി ഗോപിനാഥപിള്ള: ഈ ബില്ലിനെപ്പററി ഏകകണ്ഠമായിട്ടുള്ള അഭിപ്രായം ആ ഭാഗത്തു് ഉണ്ടായിട്ടുണ്ടോ?

ശ്രീ. ഇ. പി. ഗോപാലൻ: ഏകകണ്ഠമായിട്ടുള്ള അഭിപ്രായം ഈ ഭാഗത്തുണ്ടായിട്ടുണ്ടു്.

ശ്രീ. കെ. കെ. വിശ്വനാഥൻ: ആ ഭാഗത്തുള്ള ആളുകളും പല തരത്തിലുള്ള ഭേദഗതികളും കൊടുത്തിട്ടുണ്ടു്. അതുകൊണ്ടാണു് ഏകകണ്ഠമായിട്ടുള്ള ഒരഭിപ്രായം പറഞ്ഞാൽ അതു് നിങ്ങളും സ്വീകരിക്കുമോ എന്നു ചോദിക്കുന്നതു്?

ശ്രീ. ഇ. പി. ഗോപാലൻ: ഏകകണ്ഠമായിട്ടുള്ള ഒരഭിപ്രായം അവിടെ ഉണ്ടാവുക സാധ്യമല്ല. എന്നാൽ തത്വകണ്ഠമായ അഭിപ്രായം ഉണ്ടായേക്കാം. ഒരു വിഭാഗത്തിന്റെ താല്പര്യസംരക്ഷണത്തിനു് ഭേദഗതികളും അവതരിപ്പിക്കുന്നതിലും, സ്വീകരിക്കുന്നതിലും കക്ഷിവ്യത്യാസം പരിഗണിക്കാൻ പാടില്ലെന്നു് ശ്രീ. കുഞ്ഞുരാമൻ നമ്പ്യാർ പറയുകയുണ്ടായി. ഞങ്ങളുടെ ഭേദഗതികളും കക്ഷിപരങ്ങളും അപ്പുറത്തെ ഭേദഗതികളും സ്വാർത്ഥീയങ്ങളുമാണെന്നു പറയുന്നതു് വിചിത്രംതന്നെ. രാഷ്ട്രീയപാർട്ടികളുടെ വരുമ്പുകൾക്കിടയിൽ നടത്താൻ പാടുള്ള കൃഷിയല്ല ഇതു്. രാഷ്ട്രീയപാർട്ടികളുടെ അതിർത്തി വരമ്പുകളെ പൊളിക്കുന്ന തരത്തിലുള്ള ഒരു നിയമമാണിതു്. നിങ്ങളും കൊണ്ടുവരുന്ന പല ഭേദഗതികളും കൃഷിക്കാരുടെ താല്പര്യങ്ങളെ പൊളിക്കുന്ന തരത്തിലുള്ളതാണു്. നിങ്ങളുടെ ഭേദഗതികളെപ്പററി നിങ്ങൾ എന്തുതന്നെ പറഞ്ഞാലും കൃഷിക്കാരുടെ താല്പര്യസംരക്ഷണത്തിനു് ഏകീകൃതമായ ഒരഭിപ്രായമുണ്ടാക്കാൻ പ്രതിപക്ഷത്തിനു സാധ്യമല്ല. കൃഷിക്കാരുടെ പ്രസ്ഥാനത്തിന്റെ ചരിത്രമറിയുന്നവർക്കെല്ലാം ഇതറിയാം.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഇ. പി. ഗോപാലൻ]

ഈ പകുതി ഒഴിപ്പിക്കാം എന്നുള്ള തത്വത്തോട് എനിക്ക് വളരെ സംശയമുണ്ട്. ഈ പകുതിയെങ്ങനെയാണുണ്ടാകുക? അതിനനുസരിച്ചുള്ള ഭേദഗതികൾ അവർ വളരെ ആലോചിച്ച് തയ്യാറാക്കി കൊണ്ടുവന്നിട്ടുള്ളവയാണ്. അവ ഓരോന്നും സൂക്ഷിക്കുകയാണെങ്കിൽ അതിലെല്ലാം ഓരോ പഴുതുകാണാൻ കഴിയും. ഇപ്പോൾ അവസാനമായി അവർ പറയുന്നത് ചെറുകിടക്കാർക്ക് വളരെ ആനുകൂല്യങ്ങൾ ചെയ്യണം എന്നാണ്. ശ്രീമാൻ ടി. ഒ. ബാവാ പറയുന്നതുപോലെ അഞ്ചേക്കർ വരെയുള്ളവരെ ഒഴിപ്പിക്കണം എന്നത് സാധ്യമല്ല. പിന്നെ രണ്ടേക്കർവരെയുള്ളവരെ ഒഴിപ്പിക്കണമെന്നു പറയുന്നു. അതല്ല ഒരേക്കർവരെ, അതും സാധ്യമല്ല. ആ നിലയ്ക്കു ഇന്ന് ഏതു ഭേദഗതി പരിശോധിച്ചാലും മന്ത്രി കൊണ്ടുവന്നിട്ടുള്ള ഭേദഗതി നോക്കുകയാണെങ്കിൽ കാര്യങ്ങൾ തുക്കിനോക്കാതെ നോക്കുകയാണെങ്കിൽ വേറെ ഒരു ഭേദഗതിയും മന്ത്രിയുടെ ഭേദഗതിയല്ലാതെ ഞാൻ സ്വീകാര്യമായിക്കണ്ടില്ല. ശ്രീമാൻ കെ. കെ. വിശ്വനാഥൻ പറയുന്നതുകേട്ട് 1957 ഡിസംബർ 18-ാംതീയതിക്കു മുൻപു നടന്നിട്ടുള്ള ഭോഗങ്ങൾക്കു ഈ ഉപവകുപ്പ് ബാധകമല്ല എന്നു്. ഡിസംബർ 18-ാംതീയതി വരെയുള്ള ഭോഗം കൊണ്ടു് ഒരാൾ സ്വമേധാ ഹോൾഡർ ആകുകയാണെങ്കിൽ അയാൾക്കു് അതു ബാധകമാക്കണം. അതിനു ശേഷമുള്ള എല്ലാ ഭോഗങ്ങളും അംഗീകരിക്കുകയാണെങ്കിൽ അതിനു കുറെ വർഷങ്ങൾ വേണം. അതുകൊണ്ടു് അതു ചെറുകിടക്കാരോടുള്ള വിരോധം കൊണ്ടാണെന്നു് വിചാരിക്കുന്നു. അതു് ഒരു ചലഞ്ചായിട്ടു് നമ്മൾ കൊണ്ടുവരേണ്ട. ഈ ക്ലാസ്സ് 15-ൽ വരുത്താവുന്ന ഭേദഗതി വരുത്തിയിട്ടാണു് മന്ത്രി ഇവിടെ കൊണ്ടുവന്നിട്ടുള്ളതു്. അതിനെ ഞാൻ അംഗീകരിക്കുന്നു. ചരിത്രപരമായിട്ടുള്ള കാരണങ്ങളാൽ ഉണ്ടായ ഒരു നിയമനിർമ്മാണം ന്യായമായ രീതിയിൽ ആവശ്യമായ രക്ഷാവ്യവസ്ഥകളും ഉൾക്കൊള്ളിച്ചു് നാം പാസ്സാക്കേണ്ടതാണു്. അല്ലാതെ 1959-ൽ ഇതു രംഗത്തു വന്നതാണു് എന്നു പറഞ്ഞാൽ കാര്യം നമ്മൾ നടക്കുകയില്ല. അപ്പോൾ ആ ഒരു രീതിയിൽ ചിന്തിച്ചു് നമുക്കു് ഈ ക്ലാസ്സു് പാസ്സാക്കണം. അല്ലാതെ ചെറുകിടക്കാർക്കു് കുറെ ദോഷം സംഭവിക്കുകയാണെന്നു പറഞ്ഞു് അങ്ങോട്ടു നിൽക്കുക, അതു ശരിയല്ല. അതു് ഐകകണ്ഠ്യേനയുള്ള അഭിപ്രായമല്ല.

ശ്രീമതി കുസുമം ജോസഫ്: ശ്രീമാൻ ഇ. പി. ഗോപാലൻ അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ മദ്ധ്യഭാഗത്തു് വളരെ ശക്തിയായി പറഞ്ഞു കാർഷികപരിഷ്ക്കരണം ഉന്നംവച്ചുകൊണ്ടു് ഒരു പുതിയ നിയമനിർമ്മാണം നടപ്പിൽ വരുത്താൻ പോകുന്നു എന്നും ഇവിടെ ഭരണംനടത്തിയിരുന്ന കക്ഷികളാരും യാതൊരു കാർഷികപരിഷ്ക്കാരവും നടപ്പിൽ വരുത്തിയിട്ടില്ല എന്നും. പക്ഷേ അദ്ദേഹത്തിന്റെ പ്രസംഗം അവസാനിക്കാറായപ്പോഴെങ്കിലും ഇപ്പോഴല്ല, ഇതുപോലെ ഒരു നിയമനിർമ്മാണം ഉണ്ടായിട്ടുള്ളതെന്നും, ഇതിനു മുൻപു് കർഷകർക്കു് ഗുണം ചെയ്യാനുള്ള നിയമനിർമ്മാണം ഉണ്ടായിട്ടുണ്ടെന്നും സമ്മതിച്ചതിൽ എനിക്കു് വളരെ സന്തോഷമുണ്ടു്. എന്തായാലും പ്ലാനിംഗ് കമ്മീഷന്റെ വ്യക്തമായ നിർദ്ദേശങ്ങൾ ഉണ്ടു്. 1959-60 വർഷത്തിൽ തന്നെ ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങളിലും ഭൂപരിഷ്ക്കരണനിയമം പാസ്സാക്കിക്കഴിഞ്ഞിരിക്കണം എന്നു്. കേരളത്തിൽ മാത്രമാണു് കമ്മ്യൂണിസ്റ്റ് പാർട്ടി ഭരണം നടത്തുന്നതു്. ഭാരതത്തിലെ മറ്റെല്ലാ സംസ്ഥാനങ്ങളിലും ഭൂനിയമം പാസ്സാക്കുവാനുള്ള എല്ലാ നടപടികളും എടുത്തുകഴിഞ്ഞിട്ടുണ്ടു്. അതു പാസ്സാക്കാനുള്ള നടപടികൾ ത്വരിതഗതിയിൽ നടക്കുകയാണു് അപ്പോൾ കോൺഗ്രസ്സ് ഗവണ്മെന്റും കാർഷികപരിഷ്ക്കരണത്തിനു് എതിരാണു് എന്നുള്ള പ്രസ്താവനയിൽ യാതൊരടിസ്ഥാനവുമില്ല. ഇനിയും പ്ലാനിംഗ് കമ്മീഷന്റെ നിർദ്ദേശങ്ങളിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ടു് ചെറുകിട ഭൂവുടമകൾക്കു് രക്ഷ നൽകണമെന്നു്. അതിനെ മാനിച്ചുകൊണ്ടുതന്നെ ചെറുകിട ഭൂവുടമകൾക്കു് ആനുകൂല്യം ചെയ്യണമെന്നുള്ള ഉദ്ദേശത്തോടുകൂടി വളരെ പ്രധാനപ്പെട്ട ഈ 15-ാംവകുപ്പു് ഉൾപ്പെടുത്തിയിട്ടുള്ളതു് സന്തോഷകരമാണു്. പക്ഷേ അതേസമയം ഈ ചെറുകിട ഭൂവുടമകൾക്കു് സംരക്ഷണം നൽകുന്നതിനായി ഇവിടെ അവതരിപ്പിക്കപ്പെട്ടിട്ടുള്ള ഭേദഗതി ചെയ്ത വകുപ്പിൽ യാതൊന്നുംതന്നെയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട റവന്യൂമന്ത്രി സെലക്ട് കമ്മിറ്റി റിപ്പോർട്ടിൽ കൊടുത്തി രുന്ന ക്ലാസ്സിഫിക്കേഷൻ വിപരീതമായിട്ട് മറ്റൊരു ക്ലാസ്സ്, ക്ലാസ്സ് 15 ആയി സപ്ലി മെന്ററി ലിസ്റ്റിൽ കൊടുത്തിട്ടുണ്ട്. അതിനു മലബാർ ഭാഗത്തെ ചെറുകിട ഭൂവുടമകൾക്ക് അവരുടെ കുടിയാന്മാർക്ക് സ്വന്തം ഇഷ്ടപ്രകാരം തെങ്ങിൽ മുഴുവൻ ഭൂമിയിലും കുടിയാനായി തുടരുകയോ, അല്ലെങ്കിൽ മുഴുവൻ ഭൂമിയിലും ഉടമസ്ഥനായി തുടരുകയോ ചെയ്യാം എന്ന വ്യവസ്ഥചെയ്തിട്ടുണ്ട്. മാത്രമല്ല പകുതി ഭൂമി സറണ്ടർ ചെയ്യുകൊടുത്തു, പകുതി ഭൂമിയുടെ ഉടമസ്ഥനാകാൻ വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടുണ്ട് ടെനൻറായിട്ട് തുടരുമ്പോൾ ഫെയർ റെൻറ കൊടുക്കണമെന്നാണ് പറയുന്നത്. പക്ഷേ അതേസമയംതന്നെ തിരു-കൊച്ചി ഭാഗത്തു് ഫെയർ റെൻറ നിലവിലില്ലാത്ത സ്ഥലങ്ങളിൽ മറ്റൊരു വ്യവസ്ഥയും ഉൾക്കൊള്ളിച്ചിട്ടുണ്ട്. രണ്ടു നിലയിലാണ് ഈ നിയമം കൊണ്ടു പോകുന്നത്. തിരു-കൊച്ചി ഭാഗത്തു് മറ്റപ്പോട്ടം ഫിക്സ് ചെയ്തിട്ടില്ല. മലബാറിൽ fix ചെയ്തിട്ടുണ്ട്. ഈ അടിസ്ഥാനത്തിലാണ് ഈ നിയമ നിർമ്മാണം മുന്നോട്ടുപോകുന്നത്. പക്ഷേ അതേസമയംതന്നെ ഇരുഭാഗത്തു മുള്ളവർക്ക് ഏതാണ്ട് ഒരേരീതിയിലുള്ള ആനുകൂല്യങ്ങൾ കൊടുക്കാൻ തയ്യാറാകണമെന്നു് ഞാൻ അഭ്യർത്ഥിക്കുകയാണ്. തിരുവിതാംകൂർ ഭാഗത്തു ഫെയർ റെൻറ ഫിക്സ് ചെയ്തിട്ടില്ലാത്ത സ്ഥലങ്ങളിൽ മന്ത്രി ആദ്യം അവതരിപ്പിച്ച ഭേദഗതി അനുസരിച്ച് പറഞ്ഞതു് ടെനൻറ പർച്ചേസ് പ്രൈസായിട്ട കൊടുക്കുന്നതു് Contract rent-ൻെറ 12 ഇരട്ടി എന്നാണ് . പക്ഷേ ഇപ്പോൾ വീണ്ടും മന്ത്രി twelve times one half of the fair rent എന്നു് ഒരു ഭേദഗതി അവതരിപ്പിച്ചിരിക്കയാണു്. അതെന്താണെന്നു് എനിക്കു മനസ്സിലാകുന്നില്ല. അപ്പോൾ അതു് ആറിരട്ടിയേ ആകുന്നുള്ളൂ. നമുക്കെല്ലാവർക്കും കണക്കു് അറിയാവുന്നതാണു്. അതായതു് കാൺടാക്ടു്റെൻറിൻെറ 6 ഇരട്ടി. അങ്ങനെ കാൺടാക്ടു് റെൻറിൻെറ 6 ഇരട്ടി മാത്രം കൊടുത്താൽ മതിയെന്നും വ്യവസ്ഥ ചെയ്തിരിക്കുകയാണു്. മലബാറിൽ ഫെയർ റെൻറിൻെറ 16 ഇരട്ടി കൊടുക്കണമെന്നു പറയുമ്പോൾ ഇവിടെ കാൺടാക്ടു് റെൻറിൻെറ 6 ഇരട്ടി കൊടുത്താൽ മതിയെന്നു പറയുകയാണു്. പാട്ടത്തിൻെറ 6 ഇരട്ടി കൊടുത്താൽ മതി എന്നു് പറയുന്നതിനു പകരം ഇങ്ങനെ വളച്ചുകെട്ടി പറയുന്നതു് ചെറുകിട ഭൂമി ഉടമസ്ഥന്മാർക്കു് ഒരു ആശ്വാസം ആകട്ടെ എന്നു വച്ചാണോ എന്നു എനിക്കു് അറിഞ്ഞുകൂടാ.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: കാൺടാക്ടു് റെൻറിൻെറ പകുതി വസ്തുവെ സംബന്ധിച്ചിടത്തോളം 12 ഇരട്ടി എന്നുള്ളതു് 6 ഇരട്ടി ആകുന്നതു് എങ്ങിനെയാണു്?

ശ്രീമതി കുസുമം ജോസഫ്: ഞങ്ങൾക്കും കുറച്ചു് കണക്കൊക്കെ മനസ്സിലാകുന്ന കൂട്ടത്തിലാണു്. നിങ്ങളുടെ മനസ്സിൽ എങ്ങിനെയാണെന്നു് അറിഞ്ഞുകൂടാ.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: ആ ഭൂമി മാത്രം ഉൾപ്പെട്ടതിയല്ലല്ലോ കാൺടാക്ടു് റെൻറ് തീരുമാനിക്കുന്നതു്. ആ കാൺടാക്ടു് റെൻറിൻെറ പകുതി അതിൻെറ 12 ഇരട്ടി എന്നാണു് പറഞ്ഞിട്ടുള്ളതു്. അതിനെന്താണു്?

ശ്രീ. കെ. കെ. വിശ്വനാഥൻ: അതു് പ്രൊപ്പോഷണേറ്റ് റെൻറ് എന്നു പറയണം.

ശ്രീമതി കുസുമംജോസഫ്: ആറേക്കർ ഭൂമിയുണ്ടെങ്കിൽ അതിൻെറ ആകെ റെൻറിൻെറ പകുതിയുടെ 12 ഇരട്ടി എന്നാണു് ഇവിടെ വിവക്ഷിക്കുന്നതു് എന്നു പറഞ്ഞാൽ നിങ്ങൾതന്നെ കുഴപ്പോയി നിയമം വ്യാഖ്യാനിക്കേണ്ടിവരും. പക്ഷേ ഇവിടെ എഴുതിവച്ചിരിക്കുന്ന രൂപം അതല്ല. അതുപോലെ തിരുവിതാംകൂർ ഭാഗത്തു് "ഫെയർ റെൻറ്" ഉണ്ടായിരുന്നില്ല. ഒരു കർഷകൻ tenant-ആയി തുടരുകയാണെങ്കിൽ അയാൾ ഫെയർ റെൻറ കൊടുക്കണമെന്നാണു് ആദ്യത്തെ ഭേദഗതിയിൽ എഴുതിവച്ചിരുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കുസുമം ജോസഫ്]

ഇപ്പോൾ അതും എഴുപത്തഞ്ചു ശതമാനം 'വൺ ഹാഫ് ആഫ് മീ കാൺടോക്ട് റെൻറ്' എന്നു് എഴുതിവച്ചിരിക്കുകയാണു്. അതിനും നിങ്ങളുടെ വ്യാഖ്യാനം എന്താണെന്നറിഞ്ഞുകൂടാ. പക്ഷേ ഞാൻ മനസ്സിലാക്കിയിടത്തോളം വെറും മുപ്പത്തേഴര ശതമാനം മാത്രം കൊടുത്തുകൊണ്ടു് ഈ കുടിയാനു് ഈ ചെറുകിട ഭൂവുടമയുടെ പാട്ടക്കാരനായി തുടരാം എന്നു് ഒരു ഭേദഗതി അവതരിപ്പിച്ചിരിക്കുകയാണു്. അപ്പോൾ ചെറുകിട ഭൂവുടമസ്ഥന്മാരുടെ രക്ഷയ്ക്കു വേണ്ടിയിട്ടുള്ള ഏർപ്പാടു് എവിടെ ചെന്നു് അവസാനിക്കും എന്നു നോക്കണം. കുടിയാൻ കുടിയാനായി തുടരുക, ഫെയർ റെൻറ കൊടുക്കുക എന്നു പറഞ്ഞാലും നമുക്കു് മനസ്സിലാക്കാം. എന്നാൽ ഇന്നു് എഴുതിവച്ചിരിക്കുന്നതു് വെറും കാൺടോക്ട് റെൻറിൻറെ മുപ്പത്തേഴര ശതമാനം കൊടുത്താൽ മതിയെന്നാണു്. അങ്ങനെയുള്ള സാഹചര്യത്തിൽ ഈ ചെറുകിട ഭൂവുടമസ്ഥന്മാക്കു് എന്തു സംരക്ഷണമാണു്, എന്തു് ആനുകൂല്യങ്ങളാണു് ഇവിടെ ഈ ബില്ലു കൊണ്ടു് ലഭിക്കുന്നതു് എന്നു എനിക്കു് മനസ്സിലാകുന്നില്ല.

മലബാറിൽ പർച്ചേസ് price ഫെയർ റെൻറിൻറെ പതിനാറിരട്ടി അതായതു് കാൺടോക്ട് റേറിൻറെ 12 ഇരട്ടി എന്നു് വ്യവസ്ഥചെയ്തിരിക്കുകയാണു്. clause 15-ൽ സബ്ക്ലാസ്സ് 3 (എ) delete ചെയ്തു് ബി-യും സി-യും നിലനിർത്തിയാൽ മതിയെന്നു് ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി അവതരിപ്പിച്ചിട്ടുണ്ടു്. പക്ഷേ സി-ൽ പറയുന്നതു് ഇതാണു്—

"(c) Where a tenant elects to purchase the entire land comprised in the holding under clause (a) (ii) of sub-section (2) he shall pay as purchase price a sum equal to 12 times the contract rent or where fair rent has been fixed under the Malabar Tenancy Act, 1929, 12 times such fair rent".

(എ) എടുത്തുകളയണമെന്നു് പറഞ്ഞിട്ടുണ്ടെങ്കിലും 'എ' യിലെ വ്യവസ്ഥയനുസരിച്ചു ചെയ്യണമെന്നു് എഴുതിയിരിക്കുകയാണു്. അതു എങ്ങനെ ശരിയാകുമെന്നു് അറിയാൻ പാടില്ല. അതിൽ വ്യക്തമായി പറയുന്നതു്, മലബാർ ഭാഗത്തെ ടെനൻറു് ഭൂമി സ്വന്തമായി വാങ്ങുമ്പോൾ കാൺടോക്ടു് റേറിൻറെ 12 ഇരട്ടി പർച്ചേസ് price കൊടുക്കണമെന്നാണു്. പക്ഷേ തിരുവിതാംകൂർ ഭാഗത്തു് അതു വേണ്ട, കാൺടോക്ടു് റേറിൻറെ വെറും അറിരട്ടി കൊടുത്താൽ മതിയെന്ന വ്യവസ്ഥചെയ്തിരിക്കുകയാണു്. ഇങ്ങനെ രണ്ടു ഭാഗത്തു മുള്ളവരോടു ഭേദബുദ്ധി കാണിക്കുന്നതു ശരിയായിരിക്കുകയില്ല എന്ന അഭിപ്രായം എനിക്കുണ്ടു്. ഏതായാലും ഒരു കാര്യംകൂടി വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണു്. ചെറുകിട ഭൂമി ഉടമസ്ഥന്മാക്കു് സംരക്ഷണം കൊടുക്കണമെന്നു് ആത്മാർത്ഥമായി ഗവണ്മെൻറു് ആഗ്രഹിക്കുന്നുണ്ടെങ്കിൽ—ഈ കുടിയാന്മാക്കു് ഗുണംചെയ്യുന്ന കാര്യത്തിൽ ഞങ്ങളാരും എതിരല്ല, നിശ്ചയമായിട്ടും കുടിയാന്മാക്കു് സ്വന്തമായി കൃഷിഭൂമി കൊടുക്കുമ്പോൾ അവനു് കൊടുക്കേണ്ട വില ഫെയർ റെൻറിൻറെ 12 ഇരട്ടി എന്നു നിശ്ചയിക്കുന്നതിനു് ഞങ്ങൾക്കു് യാതൊരു വിരോധവുമില്ല—അതേസമയംതന്നെ മനഃപൂർവ്വം ചെറുകിട ഭൂമി ഉടമസ്ഥന്മാക്കുകൂടി ഗുണംചെയ്യണമെങ്കിൽ അവൻറെ ഭൂമി മറ്റു ചെറുകൃഷിക്കാക്കു് വീതിച്ചു കൊടുക്കുമ്പോൾ—അപ്പോൾക്കർഷകൻറെ കാര്യമാണു് പറയുന്നതു്—അവൻറെ പകുതി ഭൂമി മറ്റു കുടിയാന്മാർക്കു കൊടുക്കുമ്പോൾ അവൻറെ പകുതി ഭൂമിയുടെ മാർക്കറ്റുവില കൊടുക്കാൻ ഗവണ്മെൻറു് തയ്യാറാകണമെന്നു് ഞാൻ അഭ്യർത്ഥിക്കുകയാണു്. ടെനൻറിൻറെ കയ്യിൽനിന്നു് 12 ഇരട്ടി വാങ്ങിക്കൊണ്ടു് പാവപ്പെട്ട ഭൂമി ഉടമസ്ഥനു് അവൻറെ വസ്തുവിനു് ശരിയായ മാർക്കറ്റുവില കൊടുക്കാൻ ഗവണ്മെൻറു തയ്യാറാകണം. അതിൽ സാമ്പത്തികപ്രയോജനകരം ഉണ്ടെന്നിരുന്നാൽതന്നെയും ഈ നാട്ടിലെ ചെറുകിട ഭൂമി ഉടമസ്ഥൻറെ പരിതാപകരമായ സ്ഥിതി നാം കണക്കിലെടുക്കുമ്പോൾ അവരെ കൈവിടരുതു്. അവൻ ജന്മിയോ വലിയ മുതലാളിയോ ഒന്നുമല്ല. ഭൂമി എടുത്തുകൊടുക്കണമെന്നു പറയുന്ന കുടിയാനേക്കാൾ നിർധനനാണു്. ഇല്ലായ്മയായമാണു് അവനുള്ളതു്. അവൻറെ

LIBRARY ARCHIVES Kerala Legislative Assembly

ഭൂമി കൂടിയാനെ സഹായിക്കാനെന്ന പേരിൽ തട്ടിപ്പറിച്ചെടുക്കരുത്. നീതി ബോധമുള്ള ഒരു ഗവണ്മെൻറും അതു ചെയ്യാൻ പാടില്ല. ചെറുകിടഭൂമിയുടമസ്ഥന്മാരുടെ കാര്യം ഞാൻ പറയുമ്പോൾ അതു മുതലാളിയുടെ പക്ഷം ചേരുന്നു പറയുകയാണു്, ജന്മിയുടെ പക്ഷത്തുചേരുന്നു വാദിക്കുകയാണു്, എന്നെല്ലാം ആ ഭാഗത്തിരിക്കുന്ന സഖാക്കൾ പറയുമെന്നെനിക്കറിയാം പക്ഷേ അങ്ങേക്കരിൽ താഴെ ഭൂമിയുള്ളവർ, ഒരേക്കർ അരയേക്കർ വീതം കൈവശം വച്ചു കൊണ്ടിരിക്കുന്നവർ എത്ര ജന്മിമാരാണു്, എത്ര മുതലാളിമാരാണു് എന്നു് ആ ഭാഗത്തിരിക്കുന്നവർ ചിന്തിക്കണം. മാത്രമല്ല കുടിയാന്മാരെല്ലാം 'കുടിയാൻ' എന്ന പേരുകൊണ്ടുമാത്രം നിർദ്ധനന്മാരായിരിക്കുകയില്ല. പലരും ലക്ഷാധിപതികൂടിയാണു് ശ്രുപയുടെ വ്യവസായം നടത്തുന്നവരായിരിക്കും. മറ്റു തരത്തിൽ അളവറ്റ സമ്പത്തുള്ള വ്യക്തികളുമായിരിക്കും. കുടിയാനു് ഗുണം ചെയ്യാൻ പോകുമ്പോൾ ചിലപ്പോൾ ചില ബുദ്ധിമുട്ടുകളൊക്കെ സഹിക്കേണ്ടിവരും. ചെറുകിടക്കാരനെയും സംരക്ഷിക്കേണ്ട സ്ഥിതി സംജാതമാകും. ഇവയെല്ലാം കണക്കിലെടുത്തുകൊണ്ടു് ചെറുകിട ഭൂമി ഉടമസ്ഥന്മാക്കു് ഗുണംചെയ്യണമെന്ന ഉദ്ദേശത്തോടുകൂടി ഈ കൈകാര്യം ചെയ്യണമെന്നു് ബഹുമാനപ്പെട്ട ഗവണ്മെൻറിനെ ഞാൻ ഉൽബോധിപ്പിക്കുന്നു.

[Dy. Speaker in the chair]

ശ്രീ. മാലേത്തു ഗോപിനാഥപിള്ള: ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം ഏറ്റവും മർമ്മപ്രധാനമായിട്ടുള്ള വകുപ്പാണിതു്. ബഹുമാനപ്പെട്ട സ്പീക്കർ അവർകളും, അളിയൻ പറയാനുള്ളതു പറഞ്ഞാൽ, അതാരെങ്കിലും അവത്തിച്ചാൽ പ്രസംഗം നിറുത്താനാവശ്യപ്പെടുമെന്നു പറഞ്ഞു ഞാൻ പറയുന്ന ബഹുമാനപ്പെട്ട സ്പീക്കറേപ്പോലെയുള്ള ഒരാൾ അങ്ങനെ പറഞ്ഞതു് വളരെ വളരെ ഖേദകരമായിപ്പോയി എന്നു്.

ഡെ. സ്പീക്കർ: ഉള്ള സമയം നഷ്ടപ്പെടുത്താതെ ബില്ലിലെ സംഗതമായ കാര്യത്തെപ്പറ്റി സംസാരിക്കുക.

ശ്രീ. മാലേത്തു ഗോപിനാഥപിള്ള: വകുപ്പിലെ സംഗതമായ ഭാഗത്തേയ്ക്കു ഞാൻ വരികയാണു്. ഈ ഒരു വകുപ്പു് എല്ലാവർക്കും സ്വീകരിക്കത്തക്ക നിലയിൽ നിർമ്മിക്കാൻ സാധിച്ചാൽ വലിയ ആശ്വാസമായിരിക്കും—ഈ രാജ്യത്തെ ജനങ്ങൾക്കു് അതുകൊണ്ടുണ്ടാകുന്നതു് എന്നു ഞാൻ വിശ്വസിക്കുകയാണു് അതുപോലെ ഗവണ്മെൻറിനും ഗവണ്മെൻറ കക്ഷിക്കും ഉണ്ടാകുമോ എന്നു് എനിക്കറിഞ്ഞുകൂടാ. ഞങ്ങളെ സംബന്ധിച്ചിടത്തോളം ചില ഉത്തരവാദിത്വവും മുമതലാബോധവും ഞങ്ങൾക്കുണ്ടു്. അതുകൊണ്ടു് നീതിബോധത്തോടുകൂടി ഇതിനെ സമീപിക്കുമ്പോൾ പൊതുവെ ആശ്വാസകരമായ നിലയിൽ നിയമനിർമ്മാണം നടക്കുകയാണെങ്കിൽ വലിയ ചാരിതാർത്ഥ്യത്തിനിടയാകും. എൻറെ സ്നേഹിതൻ ഗോപാലൻ അവർകളും, ഇതു സഭാർഗ്ഗത്തിൽ നിന്നു് തിരുഅവതാരം ചെയ്ത ഒരു ദൈവദൂതനേപ്പോലെ ഭാരതം കണ്ടിട്ടുള്ളതിൽവച്ചു് പുരോഗമനപരമായ നിയമമാണു് എന്നു പറയുകയുണ്ടായി. ശ്രീമതി കുസുമം ജോസഫ് സുന്ദരമായ ശൈലിയിൽ അതിനു മറുപടിയും പറഞ്ഞു. ഞാൻ ആ ഭാഗത്തേയ്ക്കു കടക്കുന്നില്ല. എങ്കിലും ദയവായി ഉറങ്ങരുതെന്നു് ഞാൻ അഭ്യർത്ഥിക്കുകയാണു്. കണ്ണടച്ചു് കയ്യുകെട്ടി ഇവിടെ നടക്കുന്നതൊന്നും കാണാതെ അങ്ങേയറ്റം കുംഭകർണ്ണനാകരുതു് എന്നു ഞാൻ അഭ്യർത്ഥിക്കുകയാണു്. എന്തൊക്കെ ഇവിടെ നടക്കുന്നുണ്ടു്; 1959 മുഴുവൻ നിയമനിർമ്മാണങ്ങൾ അവസാനിപ്പിക്കുന്നതിനുള്ള ടാർജറ്റ് വർഷമാക്കി വച്ചിരിക്കുകയാണു്.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: എന്താണു് പറയുന്നതെന്നു് കേൾക്കാൻ പാടില്ല. കൊച്ചുകുട്ടിയെ ഉറക്കെ സംസാരിച്ചാൽ കൊള്ളാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മാലേത്തു ഗോപിനാഥപിള്ള: ഉറക്കെ തന്നെയാണ് പറയുന്നത് അപ്പുറത്തിരിക്കുന്ന മെമ്പറന്മാരിൽ പലരേയും കാര്യം ഉറക്കെ പറയാൻ കഴിവുണ്ട്. ഈ മൈക്കിന്റെ തകരാറാണ്. എത്രയോ പണം അതിനുമിതിനും നശിപ്പിക്കുന്നുണ്ട്. ഇതൊന്നു ശരിയാക്കാൻ അതിൽ കുറെ നഷ്ടപ്പെട്ടാലും തരക്കേടില്ലായിരുന്നു.

ഇവിടെ സംമാർഹോൾഡേഴ്സ് ഡെഫനിഷൻ കൊടുത്തിട്ടുണ്ട്. ഇന്നു ഡെഫനിഷൻ കൊടുത്ത കൂട്ടത്തിൽ നാൻ അഗ്രിക്കൾച്ചറൽ സോഴ്സിനെ സംബന്ധിച്ചു് ഒന്നും തന്നെ പറഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ നായർക്കുടെ ഉൾപ്പെട്ട സെലക്ട് കമ്മിറ്റിക്കുത്തു് ന്യൂനപക്ഷം അംഗങ്ങളുണ്ടായിരുന്നുള്ളുവെങ്കിലും ഇതേസംബന്ധിച്ചു് വലിയ ചർച്ചകൾ നടത്തിയശേഷം 15-ാംവകുപ്പ് 1 (ബി) വകുപ്പ് എഴുതിച്ചേർക്കയുണ്ടായി. ഐകകണ്ഠ്യേന അയിരുന്നു അതെന്നു ഞാൻ പറയുന്നില്ല.

Special provision regarding small holders in Travancore-Cochin എന്നതു് ഈ നിയമത്തെ സംബന്ധിച്ചിടത്തോളം തീരെ അവശ്യമായ ഭേദഗതിയാണ് എന്നുള്ള നിലയിലാണ് സെലക്ട് കമ്മിറ്റിയിലെ ഭൂരിപക്ഷം അംഗങ്ങളും ഭേദഗതി എന്ന നിലയിൽ ഇവിടെ ഒരു ഉപവകുപ്പായി കൊണ്ടുവരാൻ ഇടയാക്കിയിട്ടുള്ളതു്. മന്ത്രി അവർകളുടെ ഭേദഗതിയിൽ whose income from non-agricultural sources does not exceed Rs. 150 per mensem എന്നു കാണുന്നു.

ശ്രീമാൻ ചന്ദ്രശേഖരൻനായരുടേയോ രാജഗോപാലൻനായർ അവർകളുടേയോ ഭേദഗതിയിൽ ഇതു കാണുന്നില്ല. ഇന്നു് ഒരുമണിക്കുശേഷം തീർക്കണമെന്നു പറഞ്ഞതിനുശേഷം ഒന്നും തന്നെ ഇതേപ്പറ്റി ഞങ്ങൾക്കു പഠിക്കാൻ അവസരമില്ലാതെ എന്താണ് ഇതേപ്പറ്റി പറയേണ്ടതു്. സർ, ഇപ്പോൾ മാത്രമാണ് ഇതു കിട്ടിയതു്. എന്താണിതു്? ഒന്നും മനസ്സിലാകുന്നില്ല. അടിയിൽ ഒ.. ആർ. ഗൗരി എന്നെഴുതിയിട്ടുണ്ട്. മന്ത്രിയുടെ ഭേദഗതികളുടെ പരമ്പരയിൽ ഇതു് അവസാന ലിസ്റ്റാണെന്നാണ് തോന്നുന്നതു്. മന്ത്രിക്ക് ഒരു ഉത്തരവാദിത്വമുണ്ടായിരിക്കണം. ഈ സഭയിലെ അംഗങ്ങൾ സംസാരിക്കുമ്പോൾ അങ്ങേയറ്റം പുച്ഛമനോഭാവത്തോടെയാണ് വീക്ഷിക്കുന്നതു് നിയമനിർമ്മാണ നടപടികൾ കൈകാര്യം ചെയ്യുമ്പോൾ വളരെ ഗൗരവമായി ചർച്ചകൾ നടത്തി ഉത്തരവാദബോധത്തോടുകൂടി പെരുമാറണം. അതിനു് ആരോടെങ്കിലും ഉത്തരവാദിത്വം വേണം സർ നിരുത്തരവാദികളാണ്, സർ, ഈ രാജ്യം ഭരിക്കുന്നതു്. നിരുത്തരവാദിത്വത്തിന്റെ മകുടോദാഹരണമായിരിക്കുന്ന ആളാണ്, ഈ രാജ്യത്തെ മുഖ്യമന്ത്രിയായിരുന്ന ഭരണം നടത്തുകയാണ്, പാർലമെന്ററി പദം ഞാൻ ഉപയോഗിക്കുകയാണ് (ഭരണകക്ഷി അംഗങ്ങളിൽ ചിലർ ചിരിക്കുന്നു) വിളക്കിത്തലനായർ എന്നും മാറും പറയുന്നതു് എന്നേസംബന്ധിച്ചിടത്തോളം വലിയ ഒരു അപമാനമായി ഞാൻ കരുതുന്നില്ല. തലവിളക്കല്ല ഈ രാജ്യത്തെ പ്രശ്നം. എനിക്കു പറയാനുള്ളതു് സെലക്ട് കമ്മിറ്റി റിപ്പോർട്ടിലുള്ളതു് മന്ത്രിയുടെ ഭേദഗതിയിൽ കണ്ടില്ല എന്നാണ്. ടെനൻസ് എന്നും ട്രൂഡമ എന്നും ചിന്തിക്കുമ്പോൾ ഒരു പരിധിവരെ നാം കണക്കിലെടുക്കണം.

Deputy Speaker: The House will now adjourn and meet again at 8 a. m. on Monday, the 1st June 1959.

The Assembly adjourned at 1 p m. to meet again at 8 a. m. on Monday the 1st June 1959.

LIBRARY ARCHIVES Kerala Legislative Assembly